# 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ

# (Act 9 of 2010)

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

സംസ്ഥാനത്തെ തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡിയ്ക്കും തിരുത്തി നന്നാക്കലിനും സ്വഭാവദൂഷ്യങ്ങൾ നീക്കം ചെയ്യുന്നതിനും ക്ഷേമത്തിനും പുനരധിവാസത്തിനും പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും നിർവ്വഹണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികവുമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡിയ്ക്കും തിരുത്തി നന്നാക്കലിനും സ്വഭാവദൂഷ്യങ്ങൾ നീക്കം ചെയ്യുന്നതിനും ക്ഷേമത്തിനും പുനരധിവാസത്തിനും പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും നിർവ്വഹണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികവുമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തൊന്നാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ്, എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, സർക്കാർ നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

540/2010.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "ആക്റ്റ്" എന്നാൽ 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് എന്നർത്ഥമാകുന്നു ;

(ii) "കൗമാരപ്രായത്തിലുള്ള കുറ്റവാളി" എന്നാൽ,—

(എ) തടവുശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ട ആളോ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 117-ാം വകുപ്പ് പ്രകാരം ജാമ്യം നൽകുവാൻ ഉത്തരവായിട്ടുള്ളതും ജാമ്യം നൽകുന്നതിൽ വീഴ്ച വരുത്തിയതും അങ്ങനെ കുറ്റസ്ഥാപനം നടത്തുന്ന സമയത്തോ ജാമ്യം നൽകുന്നതിൽ വീഴ്ച വരുത്തിയ സമയത്തോ പതിനെട്ട് വയസ്സിൽ കുറയാത്തതും എന്നാൽ ഇരുപത്തി ഒന്ന് വയസ്സിൽ കൂടാത്തതുമായ ഏതെങ്കിലും ആളോ ;

(ബി) തന്റെ വിചാരണ നിലവിലിരിക്കുന്ന സമയത്ത് പ്രിസൺ കസ്റ്റഡിയിലേക്ക് അയച്ചിട്ടുള്ളതും അയയ്ക്കുന്ന സമയത്ത് പതിനെട്ട് വയസ്സിൽ കുറയാത്തതും ഇരുപത്തി ഒന്ന് വയസ്സിൽ കൂടാത്തതുമായ ഏതെങ്കിലും ആളോ എന്നർത്ഥമാകുന്നു ;

(iii) "പ്രായപൂർത്തിയായ തടവുകാരൻ" എന്നാൽ ഇരുപത്തി ഒന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള ഏതെങ്കിലും തടവുകാരൻ എന്നർത്ഥമാകുന്നു ;

(iv) "ആഫ്റ്റർ കെയർ ഹോം" എന്നാൽ വിട്ടയയ്ക്കപ്പെട്ട തടവുകാരെ സാധാരണ ഉത്തമ പൗരന്മാരാക്കുന്നതിനുവേണ്ടി സാമ്പത്തികവും സാമൂഹികവുമായ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ സ്ഥാപിച്ച ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

(v) "ആഫ്റ്റർ കെയർ സർവ്വീസ്" എന്നാൽ മോചിപ്പിക്കപ്പെട്ട തടവുകാരുടെ സാമ്പത്തികവും സാമൂഹികവുമായ പുനരധിവാസം ലക്ഷ്യമാക്കി ഉത്തമ പൗരന്മാരുടേതുപോലുള്ള ഒരു ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള സേവനം അല്ലെങ്കിൽ പ്രവർത്തനം എന്നർത്ഥമാകുന്നു ;

(vi) "സിവിൽ തടവുകാരൻ" എന്നാൽ ക്രിമിനൽ തടവുകാരൻ അല്ലാത്ത ഏതൊരു തടവുകാരനും എന്നർത്ഥമാകുന്നു ;

(vii) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരമുള്ള ഏതെങ്കിലും അധികാരസ്ഥാനമോ അല്ലെങ്കിൽ ഒരു പ്രത്യേക തർക്കവിഷയം കൈകാര്യം ചെയ്യുന്നതിന് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം അധികാരിതയും അധികാരസ്ഥാനവുമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു ;

(viii) "തടങ്കൽ" എന്നാൽ ഒരു പ്രിസണിൽ തടങ്കലിൽ വയ്ക്കൽ എന്ന് അർത്ഥമാകുന്നതും, അതിൽ കരുതൽ തടങ്കലിനായി വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം ഒരു പ്രിസണിലെ തടങ്കൽ ഉൾപ്പെടുന്നതുമാണ് ;

(ix) "കുറ്റസ്ഥാപനം ചെയ്യപ്പെട്ട തടവുകാരൻ" എന്നാൽ ക്ഷമതയുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും കുറ്റസ്ഥാപന ഉത്തരവ് പ്രകാരം ഒരു പ്രിസണിലേക്ക് അയയ്ക്കപ്പെട്ട ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 107-ഉം, 108-ഉം, 109-ഉം, 110-ഉം വകുപ്പുകളിലെ ഏതെങ്കിലും നടപടികൾ പ്രകാരം പിഴയൊടുക്കുന്നതിലോ ജാമ്യം നൽകുന്നതിലോ വീഴ്ച വരുത്തിയാൽ ഒരു പ്രിസണിലെ കസ്റ്റഡിയിലേക്ക് അയയ്ക്കപ്പെട്ട ഒരാൾ ഉൾപ്പെടുന്നതുമാകുന്നു ;

(x) "സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങൾ" എന്നാൽ പ്രിസണുകളുടെ ശരിയായ നടത്തിപ്പിനും ഭരണനിർവ്വഹണത്തിനും പ്രവർത്തനത്തിനും, തടവുകാരുടെ സ്വഭാവദൂഷ്യങ്ങൾ നീക്കം ചെയ്ത് ഉത്തമപൗരൻമാരാക്കി തീർക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നടത്തിപ്പോരുന്ന സേവനങ്ങൾ എന്നർത്ഥമാകുന്നു ;

(xi) "ക്രിമിനൽ തടവുകാരൻ" എന്നാൽ ഏതെങ്കിലും കോടതിയുടെയോ ക്രിമിനൽ അധികാരിത വിനിയോഗിക്കുന്ന അധികാരസ്ഥാനത്തിന്റെയോ റിട്ടോ, വാറണ്ടോ അല്ലെങ്കിൽ ഉത്തരവോ അല്ലെങ്കിൽ ഒരു സൈനിക കോടതിയുടെ ഉത്തരവ് പ്രകാരമോ കസ്റ്റഡിയിലേക്ക് അയച്ചിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(xii) "അപകടകാരിയായ തടവുകാരൻ" എന്നാൽ തീക്ഷ്ണമായ അക്രമണ സ്വഭാവമുള്ളതോ തുടർച്ചയായി അക്രമസ്വഭാവം പ്രകടിപ്പിക്കുന്നതോ തടവുചാടി രക്ഷപ്പെടാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും തടവുകാരൻ എന്നർത്ഥമാകുന്നു ;

(xiii) "ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ" എന്നാൽ സംസ്ഥാനത്തെ പ്രിസണുകളുടേയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടേയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(xiv) "ഡെറ്റിന്യൂ" എന്നാൽ ഏതെങ്കിലും നിയമത്തിൻകീഴിൽ കരുതൽ തടങ്കലിന് വ്യവസ്ഥ ചെയ്യാൻ ക്ഷമതയുള്ള ഒരു അധികാരസ്ഥാനം പുറപ്പെടുവിച്ച വാറണ്ടോ, റിട്ടോ, ഉത്തരവോ വഴി ഒരു പ്രിസണിലേക്ക് അയയ്ക്കപ്പെട്ട ഏതൊരാളും എന്നർത്ഥമാകുന്നതും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം വിചാരണ കൂടാതെ തടവിലാക്കപ്പെട്ട ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു ;

(xv) "ഡയറക്ടർ ജനറൽ" എന്നാൽ സംസ്ഥാനത്തെ പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഡയറക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(xvi) "അകമ്പടി സന്ദർശനം" എന്നാൽ അടിയന്തിര അവധിക്ക് അർഹനല്ലാത്ത ഒരു തടവുകാരന്റെ, അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രാസമയം ഒഴികെ ഇരുപത്തിനാല് മണിക്കൂറിൽ കവിയാത്ത, ഏതെങ്കിലും സ്ഥലത്തേക്കുള്ള അകമ്പടിയോടുകൂടിയുള്ള സന്ദർശനം എന്നർത്ഥമാകുന്നു ;

(xvii) "നിധി" എന്നാൽ 70-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള തടവുകാരുടെ ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(xviii) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(xix) "പതിവ് കുറ്റക്കാരൻ" എന്നാൽ 1960-ലെ കേരള പതിവ് കുറ്റക്കാർ ആക്റ്റിലെ (1960-ലെ 28), 2-ാം വകുപ്പ് (ഡി) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പതിവ് കുറ്റക്കാരൻ എന്നർത്ഥമാകുന്നു ;

(xx) "ഹിസ്റ്ററി ടിക്കറ്റ്" എന്നാൽ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരമോ ഒരു തടവുകാരനെ സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ടിക്കറ്റ് എന്നർത്ഥമാകുന്നു ;

(xxi) "അന്തേവാസി" എന്നാൽ ഒരു സ്ഥാപനത്തിൽ പാർപ്പിച്ചിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(xxii) "ഇൻസ്പെക്ടർ ജനറൽ" എന്നാൽ സംസ്ഥാനത്തെ പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഇൻസ്പെക്ടർ ജനറൽ എന്നർത്ഥമാകുന്നു ;

(xxiii) "സ്ഥാപനം" എന്നാൽ തടവുകാരെ പാർപ്പിച്ചിരിക്കുന്ന ഒരു സ്ഥലം എന്നർത്ഥമാകുന്നു ;

(xxiv) "ചിത്തഭ്രമമുള്ള ക്രിമിനൽ തടവുകാരൻ" എന്നാൽ,—

(എ) കുറ്റസ്ഥാപനത്തിന് മുമ്പ് പ്രിസണിലേക്ക് പ്രവേശിപ്പിക്കുന്ന സമയത്തോ അതിനുശേഷമോ ചിത്തഭ്രമം ബാധിച്ചതും ;

(ബി) കുറ്റസ്ഥാപന സമയത്തോ അതിനുശേഷമോ ചിത്തഭ്രമം ബാധിച്ചതും,

ആയ ഒരു ക്രിമിനൽ തടവുകാരൻ എന്നർത്ഥമാകുന്നു.

(xxv) "മെഡിക്കൽ ആഫീസർ" എന്നാൽ ഈ ആക്റ്റ് പ്രകാരം സർക്കാർ സ്ഥാനനിർദ്ദേശം ചെയ്ത ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സർക്കാരിന്റെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ വഴി ഒരു മെഡിക്കൽ ആഫീസറായി അപ്രകാരം പ്രഖ്യാപിക്കപ്പെട്ട ഒരു മെഡിക്കൽ പ്രാക്ടീഷണർ ഉൾപ്പെടുന്നതുമാകുന്നു ;

(xxvi) "മെഡിക്കൽ സബോർഡിനേറ്റ്" എന്നാൽ യോഗ്യതയുള്ള ഒരു മെഡിക്കൽ അസിസ്റ്റന്റ് എന്നർത്ഥമാകുന്നു ;

(xxvii) "സൈനിക തടവുകാരൻ" എന്നാൽ ഒരു സൈനിക കോടതി കുറ്റസ്ഥാപനം നടത്തി പ്രിസണിലേക്ക് അയച്ച ഒരു തടവുകാരൻ എന്നർത്ഥമാകുന്നു ;

(xxviii) "പതിവ് കുറ്റക്കാരനല്ലാത്തയാൾ" എന്നാൽ പതിവായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്ത ഒരാൾ എന്നർത്ഥമാകുന്നു ;

(xxix) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(xxx) "കുറ്റം" എന്നാൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ശിക്ഷാർഹമാകുന്ന ഒരു പ്രവൃത്തിയോ വീഴ്ചയോ എന്നർത്ഥമാകുന്നു ;

(xxxi) "പരോൾ" എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങളും ഉപാധികളും പാലിച്ചുകൊണ്ട് തടവുകാരെ ഒരു പ്രത്യേക കാലയളവിലേക്ക് താത്കാലികമായി വിട്ടയയ്ക്കുന്ന സമ്പ്രദായം എന്നർത്ഥമാകുന്നു ;

(xxxii) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(xxxiii) "പ്രിസൺ" എന്നാൽ തടവുകാരുടെ തടങ്കലിനായി സർക്കാരിന്റെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് പ്രകാരം സ്ഥിരമായോ താല്കാലികമായോ ഉപയോഗിക്കുന്ന ഏതെങ്കിലും ജയിലോ സ്ഥലമോ എന്നർത്ഥമാകുന്നതും, അതിനോട് ചേർന്നുള്ള എല്ലാ ഭൂമിയും കെട്ടിടങ്ങളും ഉൾപ്പെടുന്നതും, എന്നാൽ,—

(എ) പോലീസിന്റെ കസ്റ്റഡിയിലുള്ള തടവുകാരെ മാത്രം തടവിൽ വയ്ക്കുന്ന ഏതെങ്കിലും സ്ഥലവും ;

(ബി) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 417-ാം വകുപ്പ് പ്രകാരം സർക്കാർ പ്രത്യേകമായി നിശ്ചയിച്ച ഏതെങ്കിലും സ്ഥലവും ;

(സി) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഒരു പ്രത്യേക പ്രിസൺ ആയി പ്രഖ്യാപിച്ച ഏതെങ്കിലും സ്ഥലവും, ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(xxxiv) "തടവുകാരൻ" എന്നാൽ ഒരു ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുപ്രകാരം റിമാൻഡ് ചെയ്യപ്പെട്ട ഒരു തടവുകാരനും ഉൾപ്പെടെ ഒരു വിചാരണ തടവുകാരനോ, ഒരു കുറ്റസ്ഥാപിതനായ തടവുകാരനോ ഒരു സിവിൽ തടവുകാരനോ എന്നർത്ഥമാകുന്നു ;

(xxxv) "നിരോധിക്കപ്പെട്ട വസ്തു" എന്നാൽ ഈ ആക്റ്റ് പ്രകാരമോ 1985-ലെ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റും (1985-ലെ 61-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും പ്രകാരമോ പ്രിസണിനകത്തും പ്രിസണിന് പുറത്തും കൊണ്ടുവരുന്നതും നീക്കം ചെയ്യുന്നതും നിരോധിക്കപ്പെട്ട ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നു ;

(xxxvi) "പുനരധിവാസ സഹായം" എന്നാൽ സാമ്പത്തിക സഹായം ഉൾപ്പെടെ മോചിപ്പിക്കപ്പെട്ട തടവുകാരന്റെ പുനരധിവാസത്തിനായി നൽകുന്ന ഏതെങ്കിലും സഹായവും എന്നർത്ഥമാകുന്നു ;

(xxxvii) "റിമാൻഡ് ചെയ്യപ്പെട്ട തടവുകാരൻ" എന്നാൽ നിയമം നടപ്പിലാക്കാൻ അധികാരമുള്ള പോലീസിന്റെയോ, മറ്റ് ഏതെങ്കിലും ഏജൻസിയുടെയോ അധികാരസ്ഥാനത്തിന്റെയോ അന്വേഷണമോ വിചാരണയോ നിലനിൽക്കെ,

കസ്ററഡിയിൽ സൂക്ഷിക്കുന്നതിനായി കോടതി റിമാൻഡ് ചെയ്തതോ, റിമാൻഡ് ചെയ്യുവാനുള്ള അധികാരം വിനിയോഗിച്ച് മറ്റ് ഏതെങ്കിലും അധികാരസ്ഥാനം പ്രിസണിലേക്ക് റിമാൻഡ് ചെയ്തതോ ആയ ഏതൊരാളും എന്നർത്ഥമാകുന്നു ;

(xxxviii) "ഇളവുചെയ്യൽ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്ക് അനുസൃതമായി മാർക്ക് നൽകുന്നത് ക്രമപ്പെടുത്തിയും തൽഫലമായി പ്രിസണുകളിലോ ജയിലുകളിലോ ഉള്ള തടവുകാരുടെ ശിക്ഷാകാലാവധി കുറയ്ക്കുന്ന സമ്പ്രദായം എന്നർത്ഥമാകുന്നു ;

(xxxix) "ചട്ടം" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടം എന്നർത്ഥമാകുന്നു ;

(xl) "പദ്ധതി" എന്നാൽ 70-ാം വകുപ്പിൻകീഴിൽ നിർമ്മിച്ച കേരള തടവുകാരുടെ ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു ;

(xli) "കരുതൽ തടവുകാരൻ" എന്നാൽ സമൂഹത്തിനോ സംസ്ഥാനത്തിന്റെ സുരക്ഷയ്ക്കോ ഭീഷണി ഉയർത്തുന്ന ഏതെങ്കിലും തടവുകാരൻ എന്നർത്ഥമാകുന്നു ;

(xlii) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(xliii) "സൂപ്രണ്ട്" എന്നാൽ ഒരു പ്രിസണിന്റെ സൂപ്രണ്ടായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും അതിൽ ഒരു പ്രിസണിന്റെ ചാർജ്ജു വഹിക്കുന്നതിനായി നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതുമാകുന്നു ;

(xliv) "വിചാരണ തടവുകാരൻ" എന്നാൽ തനിക്കെതിരെയുള്ള കേസിന്റെ വിചാരണ നിലനിൽക്കെ കോടതിയോ ക്ഷമതയുള്ള അധികാരസ്ഥാനമോ പ്രിസണിലേക്ക് അയച്ച ഒരാൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## പ്രിസണുകളുടെ സ്ഥാപനവും ഭരണപരമായ വ്യവസ്ഥിതിയും

3. ഡയറക്ടർ ജനറലിനെയും ഇൻസ്പെക്ടർ ജനറലിനെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെയും മററ് സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഉദ്യോഗസ്ഥരേയും നിയമിക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) സർക്കാർ, കേരള സംസ്ഥാനത്തെ എല്ലാ പ്രിസണുകളുടേയും ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങൾക്കുംവേണ്ടി പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടേയും ഒരു ഡയറക്ടർ ജനറലിനെ നിയമിക്കേണ്ടതാണ്.

(2) സർക്കാരിന്, പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഡയറക്ടർ ജനറലിനെ, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിന് സഹായിക്കുന്നതിനായി സർക്കാരിന് ഉചിതമെന്ന് തോന്നുന്ന അത്രയും പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഇൻസ്പെക്ടർ

ജനറൽമാരേയും, പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരെയും അങ്ങനെയുള്ള മററ് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കൂടി നിയമിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരും ജീവനക്കാരും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്.

4. പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടേയും ഡയറക്ടർ ജനറലിന്റെ അധികാരങ്ങളും ചുമതലകളും.—(1) പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഡയറക്ടർ ജനറൽ ഈ ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്.

(2) പ്രത്യേകിച്ചും, മുകളിൽ പറഞ്ഞിട്ടുള്ളതിന് ഭംഗം വരാത്തവിധത്തിലും ഡയറക്ടർ ജനറൽ ഇനി പറയുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്, അതായത്:—

(എ) തടവുകാരും പ്രിസണുകളുമായി ബന്ധപ്പെട്ട സർക്കാർ നയങ്ങൾ നടപ്പിലാക്കുക ;

(ബി) പ്രിസണിന്റെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും, സംഘടിപ്പിക്കുകയും, ഏകോപിപ്പിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുക ;

(സി) ചുമതലകൾ നിർവ്വചിക്കുകയും പ്രിസൺ ഉദ്യോഗസ്ഥരുടെ അധികാര പ്രയോഗത്തിന്റെ മാർഗ്ഗങ്ങൾ നിജപ്പെടുത്തുകയും ചെയ്യുക ;

(ഡി) പ്രിസൺ സ്ഥാപനങ്ങൾ പരിശോധിക്കുകയും തടവുകാരുടെ സ്വഭാവ ദൂഷ്യങ്ങൾ നീക്കം ചെയ്യലിന്റെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ക്ഷേമത്തിന്റെയും പുനരധിവാസത്തിന്റെയും ചികിത്സയുടെയും പരിശീലനത്തിന്റെയും തടവുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിന്റെയും പരിപാടികളും നടപടികളും ശരിയായിനടപ്പിലാക്കുന്നെന്ന് ഉറപ്പാക്കുകയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഇടയിൽ അച്ചടക്കം ഉറപ്പാക്കുകയും ചെയ്യുക.

(3) ഒരു വകുപ്പ് മേധാവിക്ക് വിനിയോഗിക്കാവുന്നതായ ഭരണപരവും ധനപരവും അച്ചടക്കപരവുമായ അധികാരങ്ങളും കാലാകാലങ്ങളിൽ പ്രത്യേകമായതോ പൊതുവായതോ ആയ ഉത്തരവ് വഴി സർക്കാർ അദ്ദേഹത്തിന് പ്രത്യേകമായി നൽകുന്ന മററ് അധികാരങ്ങളും കൂടി ഡയറക്ടർ ജനറൽ വിനിയോഗിക്കേണ്ടതാണ്.

(4) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ഡയറക്ടർ ജനറലിന്, അദ്ദേഹത്തിൽ നിക്ഷിപ്തമായ ഒന്നോ അതിലധികമോ അധികാരങ്ങൾ അദ്ദേഹത്തിന്റെ തൊട്ടു താഴെയുള്ള ഉദ്യോഗസ്ഥന് ഏല്പിച്ചുകൊടുക്കാവുന്നതാണ്.

5. മേഖലാ ആസ്ഥാനങ്ങളുടെ ഘടന.—(1) പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഭരണനിർവ്വഹണത്തിന്റെയും നടത്തിപ്പിന്റെയും ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന അത്രയും എണ്ണം മേഖലകളായി സംസ്ഥാനത്തെ വിഭജിക്കേണ്ടതാണ്.

(2) ഓരോ മേഖലയും പ്രിസണുകളുടെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ഒരു ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ ഭരണപരമായ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അധികാരങ്ങളും ചുമതലകളും അദ്ദേഹം നിർവ്വഹിക്കേണ്ടതുമാണ്.

(3) ഓരോ മേഖലയിലേയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ പ്രിസണുകളുടെയും സംശൂദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും സൂപ്രണ്ടും മററ് കീഴുദ്യോഗസ്ഥരും ഈ ആക്ടോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ഉള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിനോ നിർവ്വഹിക്കുന്നതിനോ സഹായിക്കേണ്ടതാണ്.

6. പ്രിസണുകളുടെ സൂപ്രണ്ടും മററ് ഉദ്യോഗസ്ഥരും.—(1) പ്രിസണിന്റെ പ്രവർത്തനത്തിനുവേണ്ടി ഓരോ പ്രിസണിലും വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരം ഒരു സൂപ്രണ്ട്, ഒരു മെഡിക്കൽ ആഫീസർ, ഒരു വെൽഫെയർ ആഫീസർ, എന്നിവരും അങ്ങനെയുള്ള മററ് ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും ഉണ്ടായിരിക്കേണ്ടതാണ്.

(2) സൂപ്രണ്ട്, ജോയിന്റ് സൂപ്രണ്ട്, മെഡിക്കൽ ആഫീസർ, വെൽഫെയർ ആഫീസർ, മററ് ഉദ്യോഗസ്ഥർ എന്നിവർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

7. തടവുകാർക്കുള്ള താമസസൗകര്യം.—(1) സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യകതകൾ നടപ്പിലാക്കുന്നതിനായി പ്രിസണുകളിലെ താമസസൗകര്യം അങ്ങനെയുള്ള രീതിയിൽ നിർമ്മിച്ചും ക്രമീകരിച്ചും നൽകേണ്ടതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും വിധേയമായി പ്രിസണിൽ തടവുകാർക്ക് മാന്യമായ നിലവാരത്തിലുള്ള ഒരു ജീവിതം സർക്കാർ വ്യവസ്ഥ ചെയ്യേണ്ടതാണ്.

8. പ്രിസണുകളുടെ വിഭാഗങ്ങൾ.—(1) ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും ആവശ്യങ്ങൾക്കായി സർക്കാരിന് വിജ്ഞാപനംവഴി വിവിധ വിഭാഗങ്ങളിലുള്ള പ്രിസണുകൾ സ്ഥാപിക്കാവുന്നതാണ്.

(2) പ്രിസണിന്റെ നിർമ്മാണരീതി, സെല്ലുകളെ സംബന്ധിച്ചുള്ള തറ അകലം, അന്തരീക്ഷഭാഗം, വെന്റിലേഷൻ, ഉറക്കത്താവളങ്ങൾ, കുളിസ്ഥലങ്ങൾ, അടുക്കള, തൊഴിൽശാലകൾ, ആശുപത്രികൾ തുടങ്ങിയവ ഇതിലേക്കായി സർക്കാർ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിലവാരത്തിനും ആവശ്യകതകൾക്കും അനുരൂപമായിരിക്കേണ്ടതാണ്.

(3) ഓരോ പ്രിസണിന്റെയും സുരക്ഷാനിലവാരം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

9. തടവുകാരുടെ താൽക്കാലിക താമസസൗകര്യം.—ഡയറക്ടർ ജനറലിന് ,—

(എ) പ്രിസണുകളിൽ സൗകര്യപ്രദമായും സുരക്ഷിതമായും സൂക്ഷിക്കാൻ കഴിയുന്നതിലും കൂടുതൽ എണ്ണം തടവുകാർ ഏതെങ്കിലും പ്രിസണിൽ ഉണ്ടെന്നും അധികമുള്ളവരെ മറ്റ് ഏതെങ്കിലും പ്രിസണിലേക്ക് സ്ഥലംമാറ്റുന്നത് സൗകര്യപ്രദമല്ലെന്നും ; അല്ലെങ്കിൽ

(ബി) പ്രകൃതിദുരന്തത്താലോ ഏതെങ്കിലും പ്രിസണിനകത്ത് സാംക്രമിക രോഗങ്ങളുടെ പൊട്ടിപ്പുറപ്പെടൽമൂലമോ അങ്ങനെയുള്ള മറ്റ് കാരണങ്ങളാലോ ഏതെങ്കിലും തടവുകാരന് താൽക്കാലിക പാർപ്പിടവും സുരക്ഷിതമായ കസ്റ്റഡിയും നൽകുന്നത് അഭിലഷണീയമാണെന്നും ബോദ്ധ്യപ്പെടുമ്പോഴെല്ലാം പ്രിസണിൽ സൗകര്യപ്രദമായും സുരക്ഷിതമായും പാർപ്പിക്കാൻ കഴിയാത്ത തടവുകാരെ താൽക്കാലിക പ്രിസണുകളിൽ അവരുടെ പാർപ്പിടത്തിനും സുരക്ഷിതമായ കസ്റ്റഡിക്കും സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ഏർപ്പാട് ചെയ്യേണ്ടതാണ്.

10. മറ്റ് വകുപ്പുകൾ ഡയറക്ടർ ജനറലിനെ സഹായിക്കണമെന്ന്.—ഒരു സൂപ്രണ്ടിന്റെ റിപ്പോർട്ടിൻമേൽ ഡയറക്ടർ ജനറലിന്,—

(എ) പ്രിസണിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുംവിധം ഒരു പ്രിസണിൽ അങ്ങനെയുള്ള ഒരു അടിയന്തിര സാഹചര്യം ഉണ്ടായതായും, അല്ലെങ്കിൽ

(ബി) ഭക്ഷണവും ഏറ്റവും കുറഞ്ഞ താമസ സൗകര്യവും ഉൾപ്പെടുന്ന പ്രിസണിലെ അവശ്യസർവ്വീസുകളുടെ സംരക്ഷണത്തിന് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായം അനിവാര്യമാണെന്നും,

ബോദ്ധ്യമാകുന്നപക്ഷം ഡയറക്ടർ ജനറലോ ഇതിലേക്കായി അദ്ദേഹം പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥനോ അങ്ങനെയുള്ള ഏതൊരു സാഹചര്യവും കൈകാര്യം ചെയ്യുന്നതിന് സഹായം നൽകുന്നതിന് സർക്കാരിന്റെ ഏതൊരു വകുപ്പിനോടും അഭ്യർത്ഥിക്കാവുന്നതും, അങ്ങനെയുള്ള അഭ്യർത്ഥനയിന്മേൽ ആ വകുപ്പുകളുടെ എല്ലാ ഉദ്യോഗസ്ഥരും ആവശ്യപ്പെട്ട സഹായം നൽകുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

## അദ്ധ്യായം III

## പരിശീലനം

11. സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണനിർവ്വഹണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്.—(1) പ്രിസണിലെ ഉദ്യോഗസ്ഥർക്കും വാർഡർ ജീവനക്കാർക്കും അടിസ്ഥാന പരിശീലനം നൽകുന്നതിനും റിഫ്രഷറും റീ-ഓറിയന്റേഷൻ കോഴ്സുകളും നടത്തുന്നതിനുമായി ഒരു സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണനിർവ്വഹണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായിരിക്കേണ്ടതാണ്.

(2) സെൻട്രൽ പ്രിസൺ സൂപ്രണ്ടിന്റെ പദവിയിൽ കുറയാതെയുള്ള ഒരു ഉദ്യോഗസ്ഥൻ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണനിർവ്വഹണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവി ആയിരിക്കേണ്ടതും ഡയറക്ടർ എന്ന് സ്ഥാനനിർദ്ദേശം ചെയ്യേണ്ടതുമാണ്.

(3) സർക്കാരിന് ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്.

(4) സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണനിർവ്വഹണ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് പ്രിസൺ നടത്തിപ്പിലും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ ഭരണ നിർവ്വഹണത്തിലും പ്രസക്തമായ വിഷയങ്ങളിൽ സെമിനാറുകൾ, സിംപോസിയങ്ങൾ മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും കൂടി സംഘടിപ്പിക്കേണ്ടതാണ്.

(5) ഇൻസ്റ്റിറ്റ്യൂട്ട്, പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങൾക്കുംവേണ്ടിയുള്ള ഒരു പഠന കേന്ദ്രമായിരിക്കേണ്ടതും, പ്രിസണുകളുടെ പ്രവർത്തന നിലവാരവും നിർവ്വഹണവും മെച്ചപ്പെടുത്തുന്നതിനും തടവുകാർക്കുള്ള സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുംവേണ്ടി, സർക്കാർ ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള വിഷയങ്ങളിലും പ്രശ്നങ്ങളിലും ഗവേഷണവും അപഗ്രഥനവും ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.

## അദ്ധ്യായം IV

## പ്രിസണുകളുടെ പ്രവർത്തനങ്ങൾ

12. ഒരു പ്രിസണിന്റെ പ്രവർത്തനങ്ങൾ.—പ്രിസണിന്റെ പ്രവർത്തനങ്ങൾ,—

(i) ഏതെങ്കിലും കോടതിയുടെയോ ക്ഷമതയുള്ള മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും റിട്ട്, വാറണ്ട് അല്ലെങ്കിൽ ഒരു ഉത്തരവ് പ്രകാരം പ്രിസണിലേക്ക് അയച്ച ഒരു തടവുകാരനെ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കുക ;

(ii) കസ്റ്റഡിയിലുള്ള തടവുകാർക്ക്, അവരുടെ മനസ്സിൽ നിന്നും ദുഷിച്ച ജീവിത പന്ഥാവിന്റെ പൈശാചിക സ്വാധീനം തുടച്ച് കളഞ്ഞ് സമൂഹത്തിലെ നല്ല പൗരൻമാരായി അവരെ പുനരധിവസിപ്പിക്കുന്നതിനായി അവർക്ക് അവരിലെ കുറ്റവാസന ഇല്ലാതാക്കുന്നതിനുള്ള പരിശീലനം നൽകുക ;

(iii) തടവുകാർക്ക് ഭക്ഷണവും, വസ്ത്രവും, താമസസൗകര്യവും, ജീവിക്കുന്നതിന് അത്യന്താപേക്ഷിതമായ മറ്റ് ആവശ്യകതകളും മതിയായ വൈദ്യ ചികിത്സയും രോഗികളായ തടവുകാരുടെ പരിചരണവും ഏർപ്പെടുത്തുക ;

(iv) ആരോഗ്യകരമായ ഒരു സാമൂഹ്യ വീക്ഷണഗതി വളർത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക ;

(v) (എ) കഠിന തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരെ കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുക ;

(ബി) തടവുകാരെ തൊഴിലധിഷ്ഠിത ജോലികളിൽ ഏർപ്പെടുത്തുക ;

(സി) പ്രിസണിലെ പാചകം, ശുചീകരണ സേവനങ്ങൾ, പൂന്തോട്ട നിർമ്മാണം മുതലായ ജോലികളിൽ സമയവിവരപ്പട്ടിക അനുസരിച്ച് തടവുകാരെ ഏർപ്പെടുത്തുന്നതിനും,

നടപടികൾ സ്വീകരിക്കുക ;

(vi) തടവുകാരുടെ ശാരീരികവും മാനസികവും സാന്മാർഗ്ഗികവുമായ ഉന്നമനത്തിനും വേണ്ടതായ നടപടികൾ സ്വീകരിക്കുക,

(vii) തടവുകാരുടെ സദ്ഗുണങ്ങളും സ്വഭാവവും മാനസിക സമീപനവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക ;

(viii) തടവുകാരുടെ സുരക്ഷിതത്വത്തിനും ഭദ്രതയ്ക്കും വേണ്ടതായ നടപടികൾ സ്വീകരിക്കുക ;

(ix) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പ്രിസണിൽ അച്ചടക്കം നിലനിർത്തുക ; കൂടാതെ,—

(x) സർക്കാർ, നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുളള മറ്റ് സൗകര്യങ്ങളും സുഖസൗകര്യങ്ങളും തടവുകാർക്ക് ലഭ്യമാക്കുക,

എന്നിവ ആയിരിക്കുന്നതാണ്.

## അദ്ധ്യായം V

## ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങൾ

13. ഉദ്യോഗസ്ഥരുടെ പൊതുവായ കർത്തവ്യങ്ങൾ.—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന നിബന്ധനകൾക്കും വിധേയമായി, പ്രിസണിലെ ഓരോ ഉദ്യോഗസ്ഥനും,—

(i) ഓരോ തടവുകാരനോടും പക്ഷപാതരഹിതമായും മനുഷ്യത്വപരമായും പെരുമാറേണ്ടതാണ് ;

(ii) ഒരു തടവുകാരൻ നൽകുന്ന ഏതെങ്കിലും പരാതിയോ റിപ്പോർട്ടോ കേൾക്കുകയും അയാളുടെ സങ്കടം നിവാരണം ചെയ്യേണ്ടതുമാണ് ;

(iii) പ്രിസണിൽ അച്ചടക്കം നിലനിർത്തേണ്ടതാണ് ; കൂടാതെ

(iv) തന്റെ അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുകയും തന്റെ കർത്തവ്യങ്ങൾ കൃത്യമായും കാര്യക്ഷമമായും നിറവേറ്റുകയും ചെയ്യേണ്ടതാണ്.

14. ഉദ്യോഗസ്ഥർക്ക് തടവുകാരുമായി കച്ചവട ഇടപാടുകൾ ഉണ്ടായിരിക്കരുതെന്ന്.—ഒരു പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അയാളുടെ വിശ്വസ്തനോ അയാളാൽ നിയോഗിക്കപ്പെട്ടതോ ആയ ഏതെങ്കിലും ആളോ ഏതെങ്കിലും തടവുകാരന്, ഏതെങ്കിലും സാധനം വിൽക്കുകയോ വാടകയ്ക്കു നൽകുകയോ വിൽക്കുന്നതിൽ നിന്നോ വാടകയ്ക്കു നൽകുന്നതിൽ നിന്നോ എന്തെങ്കിലും ആദായം പറ്റുകയോ അല്ലെങ്കിൽ ഏതെങ്കിലും തടവുകാരനിൽ നിന്നോ അയാളുടെ അടുത്ത ബന്ധുക്കളിൽ നിന്നോ അടുത്ത സുഹൃത്തുക്കളിൽ നിന്നോ പ്രത്യക്ഷമായോ പരോക്ഷമായോ എന്തെങ്കിലും പണം പറ്റുന്നതിനോ മറ്റു കച്ചവട ഇടപാടുകൾ നടത്തുന്നതിനോ പാടുള്ളതല്ല.

15. ഉദ്യോഗസ്ഥർ പാരിതോഷികങ്ങൾ സ്വീകരിക്കരുതെന്ന്.—പ്രിസണിലെ യാതൊരു ഉദ്യോഗസ്ഥനും ഒരു തടവുകാരനിൽ നിന്നോ അയാളുടെ ബന്ധുക്കളിൽ നിന്നോ തടവുകാരനുമായോ പ്രിസൺ ഭരണവുമായോ ഏതെങ്കിലും ഇടപാടുള്ള ആളുകളിൽ നിന്നോ എന്തെങ്കിലും പാരിതോഷികം സ്വീകരിക്കുവാൻ പാടുള്ളതല്ല.

16. ഉദ്യോഗസ്ഥർ പ്രിസൺ കരാറുകളിൽ തല്പരരായിരിക്കരുതെന്ന്.—പ്രിസണിലെ ഒരു ഉദ്യോഗസ്ഥനോ, തന്റെ ഏതെങ്കിലും വിശ്വസ്തനോ, അയാളാൽ നിയോഗിക്കപ്പെട്ടതോ ആയ ഏതൊരാൾക്കോ, പ്രിസണിലേക്ക് ഭക്ഷണസാധനങ്ങളോ മറ്റ് ഏതെങ്കിലും സാധനങ്ങളോ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും കരാറിൽ പ്രത്യക്ഷമായോ പരോക്ഷമായോ എന്തെങ്കിലും താൽപര്യം ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും പ്രിസണിലേക്കോ, പ്രിസണിൽ നിന്നോ അങ്ങനെയുള്ള ഏതെങ്കിലും ഭക്ഷണസാധനങ്ങളുടേയോ, സാധനങ്ങളുടെ അല്ലെങ്കിൽ ഒരു തടവുകാരന്റെ വകയായ ഏതെങ്കിലും സാധനത്തിന്റെയോ വിൽപ്പനയിൽ നിന്നോ വാങ്ങലിൽ നിന്നോ പ്രത്യക്ഷമായോ പരോക്ഷമായോ അയാൾ എന്തെങ്കിലും നേട്ടം ഉണ്ടാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

17. 14, 15, 16 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ 14, 15, 16 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനെയും നിർണ്ണയിക്കപ്പെടുന്ന അപ്രകാരമുള്ള ചട്ടങ്ങൾക്കു വിധേയമായി സർവ്വീസിൽനിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്.

18. പ്രിസണുകളിലെ സൂപ്രണ്ടിന്റെയും മറ്റ് ഉദ്യോഗസ്ഥരുടെയും ഭരണപരമായ നിയന്ത്രണവും കർത്തവ്യങ്ങളും.—(1) പ്രിസണുകളുടെ പൊതുവായ ഭരണ നിയന്ത്രണവും നടത്തിപ്പും സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതും ഉദ്യോഗസ്ഥരും ജീവനക്കാരും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതുമാണ്.

(2) പ്രിസണിലെ സൂപ്രണ്ടിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സൂപ്രണ്ടിന്റെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതും സൂപ്രണ്ടോ ഇതിലേക്കായി സൂപ്രണ്ട് പ്രാധികാരം ചെയ്ത ഉദ്യോഗസ്ഥനോ അവർക്ക് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

19. പ്രിസൺ സൂപ്രണ്ടിന്റെ ചുമതലകളും കർത്തവ്യങ്ങളും.—ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും, ഡയറക്ടർ ജനറലിന്റെയോ ബന്ധപ്പെട്ട മേഖലയിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയോ, നിയമപരമായ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി, പ്രിസൺ സൂപ്രണ്ട് തന്റെ കീഴിലുള്ള ജീവനക്കാരുടെ സഹായത്തോടു കൂടി, തടവുകാരുടെ പ്രവേശനം, പ്രിസണിനുള്ളിൽ സന്ദർശകരെ അനുവദിക്കൽ, പ്രിസണിന്റെ സുരക്ഷിതത്വം, തൊഴിൽ, സംശുദ്ധീകരണ സാന്മാർഗ്ഗീകരണ പരിപാടികൾ, ചെലവ്, അച്ചടക്കം, തടവുകാരുടെ ശിക്ഷയും നിയന്ത്രണവും വിട്ടയയ്ക്കലും എന്നിവ ഉൾപ്പെടുന്ന പ്രിസണിന്റെ എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടുപോകേണ്ടതാണ്.

20. സൂപ്രണ്ട് പ്രിസണിൽ താമസിക്കണമെന്ന്.—സൂപ്രണ്ട്, മറ്റെവിടെയെങ്കിലും താമസിക്കുന്നതിന് ഡയറക്ടർ ജനറൽ രേഖാമൂലം അനുവാദം നൽകാത്തപക്ഷം, പ്രിസണിൽ താമസിക്കേണ്ടതാണ്.

21. സൂപ്രണ്ട് രേഖകൾ സൂക്ഷിക്കേണ്ടതാണെന്ന്.—സൂപ്രണ്ട് ഇനിപ്പറയുന്ന രേഖകൾ സൂക്ഷിക്കുകയോ സൂക്ഷിക്കുന്നതിന് ഇടയാക്കുകയോ ചെയ്യേണ്ടതാണ്,—

(i) പ്രവേശിപ്പിക്കപ്പെട്ട തടവുകാരെ സംബന്ധിച്ച ഒരു രജിസ്റ്റർ ;

(ii) ഓരോ തടവുകാരനേയും എന്നാണ് വിട്ടയയ്ക്കേണ്ടത് എന്നു കാണിക്കുന്ന ഒരു ബുക്ക് ;

(iii) പ്രിസണിൽ വച്ചുള്ള കുറ്റകൃത്യങ്ങൾക്ക് തടവുകാരിൽ ചുമത്തിയിട്ടുള്ള ശിക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള ഒരു ശിക്ഷാബുക്ക് ;

(iv) പ്രിസൺ ഭരണത്തെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് സന്ദർശകരുടെ ഏതെങ്കിലും നിരീക്ഷണം രേഖപ്പെടുത്തുന്നതിനുള്ള ഒരു സന്ദർശക ബുക്ക് ;

(v) തടവുകാരിൽ നിന്നും എടുത്തിട്ടുള്ള പണത്തിന്റെയും മറ്റു വസ്തുക്കളുടെയും ഒരു രേഖ ;

(vi) സൂപ്രണ്ടിന്റെ നാൾവഴി പുസ്തകം ; കൂടാതെ

(vii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് രേഖകൾ.

22. തടവുകാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തൽ.—(1) പ്രിസണിലെ ദൈനംദിന ഭരണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള ചട്ടങ്ങൾക്കനുസൃതമായി സൂപ്രണ്ടിന് തടവുകാരുടെ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

(2) നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രിസണുകളിലെ ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ട തടവുകാർ, 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റ് ആയി കരുതപ്പെടേണ്ടതാണ്.

23. മെഡിക്കൽ ആഫീസറുടെ കർത്തവ്യങ്ങൾ.—സൂപ്രണ്ടിന്റെ പൊതുവായ നിയന്ത്രണത്തിന് വിധേയമായി, മെഡിക്കൽ ആഫീസർക്ക്, പ്രിസണിലെ തടവുകാരുടെ ആരോഗ്യം, ശുചിത്വം, വൈദ്യം, ശുചീകരണ ഭരണ നിർവ്വഹണം എന്നിവയുടെ ചാർജ്ജ് ഉണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന കർത്തവ്യങ്ങളും അദ്ദേഹം നിർവ്വഹിക്കേണ്ടതുമാണ്.

24. ചില സംഗതികളിൽ മെഡിക്കൽ ബോർഡ് റിപ്പോർട്ട് സമർപ്പിക്കണമെന്ന്.—(1) സർക്കാർ ഈ ആവശ്യത്തിലേക്കായി ഗസറ്റ് വിജ്ഞാപനംമൂലം രൂപീകരിക്കുന്ന ഒരു മെഡിക്കൽ ബോർഡ്, ഏതെങ്കിലും ഒരു തടവുകാരന് ഗുരുതരമായ അസുഖമുണ്ടെന്നും ആ അസുഖം ഉണ്ടായതോ കൂടിയതോ തടവുകാരന്റെ കാരണം കൊണ്ടല്ലെന്നും, അയാളുടെ അസുഖം തടങ്കലിൽ വച്ചതുകൊണ്ട് ഉണ്ടായതാണെന്നോ അല്ലെന്നോ എന്നും, തുടർന്നുള്ള തടങ്കലിൽ വയ്ക്കൽമൂലം അയാളുടെ മരണം നിശ്ചയമായും നേരത്തേ സംഭവിക്കാവുന്നവിധം ഗുരുതരാവസ്ഥയിൽ എത്തിച്ചേരുമെന്നും അയാളെ മോചിപ്പിക്കുകയാണെങ്കിൽ സുഖം പ്രാപിക്കുന്നതിന് നല്ല സാധ്യതയുണ്ടെന്നും, കരുതുകയാണെങ്കിൽ, അതനുസരിച്ച് ഒരു സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതും, ആയത്, പ്രിസൺ സൂപ്രണ്ട് മുഖേന മെഡിക്കൽ കേസിന്റെ പൂർണ്ണമായ സ്റ്റേറ്റ്മെന്റും സർട്ടിഫിക്കറ്റിൽ മെഡിക്കൽ ബോർഡിന്റെ നിരീക്ഷണത്തിലേക്ക് വഴിതെളിച്ച കാരണങ്ങളും സഹിതം ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റും സ്റ്റേറ്റ്മെന്റും അയച്ചുകൊടുക്കുമ്പോൾ, തടവുകാരൻ ആർജ്ജിച്ച ഇളവിന്റെ കണക്കും കേസിന് പ്രസക്തമായ ഏതെങ്കിലും അഭിപ്രായങ്ങളും കാണിക്കുന്ന തടവുകാരന്റെ

നോമിനൽ റോളും നൽകേണ്ടതുമാണ്. ഡയറക്ടർ ജനറൽ, തടവുകാരനെ മോചിപ്പിക്കുന്നതു സംബന്ധിച്ചുള്ള തന്റെ അഭിപ്രായത്തോടുകൂടി, സമുചിതമായ ഉത്തരവിനായി ആ റിപ്പോർട്ട് സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്.

(2) ഏതെങ്കിലും ഒരു തടവുകാരൻ പകർച്ചവ്യാധിയല്ലാത്ത അസുഖംമൂലം മരണമടയുവാൻ സാധ്യതയുണ്ടെന്നും പ്രിസണിനുള്ളിൽ വച്ചോ പ്രിസണിനു പുറത്തു വച്ചോ സുഖം പ്രാപിക്കാൻ സാധ്യതയില്ലെന്നും മെഡിക്കൽ ബോർഡിന് വിശ്വസിക്കത്തക്ക കാരണമുള്ള സംഗതിയിൽ, അതനുസരിച്ചുള്ള ഒരു സർട്ടിഫിക്കറ്റ് രേഖപ്പെടുത്തേണ്ടതും അതോടൊപ്പം കേസിന്റെ പൂർണ്ണവിവരങ്ങൾ സഹിതം പ്രിസൺ സൂപ്രണ്ടിന് ഒരു റിപ്പോർട്ട് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അതിനെ, അദ്ദേഹത്തിന്റെ വിനിർദ്ദിഷ്ട അഭിപ്രായത്തോടുകൂടി, തടവുകാരന്റെ നോമിനൽ റോൾ, ഇളവിന്റെ കണക്ക് എന്നിവ സഹിതം ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(3) റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ, ഡയറക്ടർ ജനറൽ, തന്റെ അഭിപ്രായങ്ങൾ സഹിതം, തടവുകാരനെ അടിയന്തിരമായി വിട്ടയയ്ക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനായി സർക്കാരിലേക്ക് എഴുതേണ്ടതാണ്.

(4) മെഡിക്കൽ ബോർഡ്, ഒരു തടവുകാരൻ, അയാൾ വിധേയമാക്കപ്പെടുന്ന അച്ചടക്കമോ പെരുമാറ്റമോ അയാളുടെ മാനസികനിലയെ ഹാനികരമായി ബാധിക്കാൻ ഇടയുണ്ടെന്ന് എപ്പോഴെങ്കിലും വിശ്വസിക്കത്തക്ക കാരണമുള്ളപ്പോൾ, ആ സംഗതി, മെഡിക്കൽ ബോർഡിന് ശരിയെന്നു തോന്നുന്ന അങ്ങനെയുള്ള നിരീക്ഷണങ്ങൾ സഹിതം, സൂപ്രണ്ടിന് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്. റിപ്പോർട്ടിൻമേൽ സൂപ്രണ്ട് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും ഉടൻതന്നെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടും സ്വീകരിച്ച നടപടിയുടെ വിശദവിവരണവും സഹിതം, ഡയറക്ടർ ജനറലിന് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതുമാണ്.

25. മരുന്നു നൽകൽ.—മെഡിക്കൽ ആഫീസർ, ഏതെങ്കിലും തടവുകാരന് ഏത് മരുന്നാണു അയാൾക്കു നൽകുന്നതെന്ന് അറിയിക്കാതെ യാതൊരു മരുന്നും അയാൾക്ക് നൽകുവാൻ പാടുള്ളതല്ല :

എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ, തടവുകാരൻ അബോധവസ്ഥയിലായിരിക്കുകയോ അങ്ങനെയുള്ള വിവരം കേൾക്കുന്നതിനോ പ്രതികരിക്കുന്നതിനോ പറ്റിയ അവസ്ഥയിലല്ലെങ്കിലോ മെഡിക്കൽ ആഫീസർ എന്താണു നൽകുന്നതെന്ന വിവരം അറിയിക്കാതെ തന്നെ അങ്ങനെയുള്ള മരുന്ന് ഏതെങ്കിലും തടവുകാരന് നൽകാവുന്നതാണ്.

26. ഒരു തടവുകാരന്റെ മരണത്തിന്മേലുള്ള റിപ്പോർട്ട്.—(1) ഏതെങ്കിലും തടവുകാരൻ മരണപ്പെട്ടാൽ, ചാർജ്ജ് വഹിക്കുന്ന മെഡിക്കൽ ആഫീസർ ഉടൻതന്നെ, തിട്ടപ്പെടുത്താവുന്നിടത്തോളമുള്ള ഇനിപ്പറയുന്ന വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്, അതായത്:—

(എ) അസുഖത്തെപ്പറ്റിയോ പരിക്കിനെപ്പറ്റിയോ മരണപ്പെട്ടയാൾ ആദ്യമായി പരാതി പറഞ്ഞതോ, അയാൾ രോഗിയാണെന്നോ പരിക്കുപറ്റിയ ആളാണെന്നോ നിരീക്ഷിച്ച ദിവസം ;

(ബി) ആ ദിവസം അയാൾ ഏർപ്പെട്ടിരുന്ന തൊഴിൽ ഏതെങ്കിലും ഉണ്ടെങ്കിൽ ; അത്

(സി) ആ ദിവസത്തെ അയാളുടെ ആഹാരക്രമത്തിന്റെ തോത് ;

(ഡി) ആശുപത്രിയിൽ അയാളെ പ്രവേശിപ്പിച്ച ദിവസം ;

(ഇ) അസുഖത്തേയോ പരിക്കിനെയോകുറിച്ച് ആദ്യമായി മെഡിക്കൽ ആഫീസറെ അറിയിച്ച ദിവസം ;

(എഫ്) രോഗത്തിന്റെയോ പരിക്കിന്റെയോ സ്വഭാവം ;

(ജി) രോഗിയായ തടവുകാരനെ പുറത്തുള്ള ആശുപത്രിയിലേക്ക് റഫർ ചെയ്തിരുന്നോ എന്ന് ;

(എച്ച്) അങ്ങനെ എങ്കിൽ, പുറത്തുള്ള ആശുപത്രിയിൽ നൽകിയ ചികിത്സ യുടെ വിവരങ്ങൾ ;

(ഐ) തടവുകാരനു നൽകിയ മരുന്നുകളുടെയും നടത്തിയ ക്ലിനിക്കൽ പരിശോധനകളുടെയും വിശദവിവരങ്ങൾ ;

(ജെ) മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ മരണപ്പെട്ട ആളിനെ അയാളുടെ മരണത്തിന് മുമ്പ് അവസാനമായി കണ്ടത് എപ്പോഴാണെന്ന് ;

(കെ) തടവുകാരൻ മരണപ്പെട്ട സമയം ; കൂടാതെ

(എൽ) മെഡിക്കൽ ആഫീസർ, രേഖപ്പെടുത്തണമെന്നോ സൂപ്രണ്ടിന് റിപ്പോർട്ട് ചെയ്യണമെന്നോ കരുതുന്ന ഏതെങ്കിലും പ്രത്യേക അഭിപ്രായങ്ങൾ സഹിതം മൃതശരീരത്തിന്റെ ബാഹ്യ അവസ്ഥയുടെ വിവരണം.

(2) മെഡിക്കൽ ആഫീസർ, അങ്ങനെയുള്ള മരണത്തിന്റെ ഒരു റിപ്പോർട്ട് പ്രിസൺ സൂപ്രണ്ടിനും സൂപ്രണ്ട് മുഖേന ഡയറക്ടർ ജനറലിനും അയച്ചു കൊടുക്കേണ്ടതാണ്.

27. <u>കീഴ്ജീവനക്കാർ അനുവാദമില്ലാതെ ഹാജരാകാതിരിക്കരുതെന്ന്.</u>— സൂപ്രണ്ടിന് കീഴിലുള്ള ഉദ്യോഗസ്ഥർ, സൂപ്രണ്ടിന്റെയോ ഇതിലേക്കായി സൂപ്രണ്ട് പ്രാധി കാരം ചെയ്ത ഒരു ഉദ്യോഗസ്ഥന്റെയോ അനുവാദം കൂടാതെ പ്രിസണിൽ ഹാജരാകാതി രിക്കാൻ പാടുള്ളതല്ല.

## <u>അദ്ധ്യായം VI</u>

## പ്രിസണുകളിലെ അച്ചടക്കം

28. <u>പ്രിസണുകളിലെ അച്ചടക്കം.</u>— (1) സൂപ്രണ്ടും മറ്റ് ഉദ്യോഗസ്ഥരും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനു സൃതമായി പ്രിസണിലെയും, തടവുകാരുടെയും, ജീവനക്കാരുടെയും അച്ചടക്കം കാത്തു സൂക്ഷിക്കുന്നതിന് ഉത്തരവാദി ആയിരിക്കുന്നതാണ്.

(2) പ്രിസണിലെ അച്ചടക്കം കാത്തുസൂക്ഷിക്കുന്ന ആവശ്യത്തിലേക്കായി, സൂപ്രണ്ടുമാർ, ജോയിന്റ് സൂപ്രണ്ട് (അച്ചടക്കം) അല്ലെങ്കിൽ ഡെപ്യൂട്ടി സൂപ്രണ്ടുമാർ, വെൽഫയർ ആഫീസർ, മെഡിക്കൽ ആഫീസർ എന്നിവരുൾപ്പെട്ട ഒരു സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(3) ഈ സമിതിയുടെ ചെയർമാനും പ്രിസണിലെ മുഖ്യ അച്ചടക്ക ഉദ്യോഗസ്ഥനും സൂപ്രണ്ട് ആയിരിക്കുന്നതാണ്. അച്ചടക്ക ഉദ്യോഗസ്ഥൻ ജോയിന്റ് സൂപ്രണ്ട് (അച്ചടക്കം) അല്ലെങ്കിൽ ഡെപ്യൂട്ടി സൂപ്രണ്ട് ആയിരിക്കേണ്ടതാണ്.

(4) സമിതിക്ക് അതിന്റെ കാര്യനിർവ്വഹണത്തിന്റെ നടപടിക്രമം തീരുമാനിക്കാവുന്നതാണ്.

(5) സമിതിയുടെ മേൽനോട്ടത്തിനു വിധേയമായി മുഖ്യ അച്ചടക്ക ഉദ്യോഗസ്ഥനോ, അച്ചടക്ക ഉദ്യോഗസ്ഥനോ പ്രിസണിൽ അച്ചടക്കം കാത്തുസൂക്ഷിക്കേണ്ടതാണ്.

(6) അച്ചടക്ക ഉദ്യോഗസ്ഥന്റെ ചുമതല,—

(എ) പ്രിസണിലെ അച്ചടക്കവും സുരക്ഷിതത്വവും കാത്തു സൂക്ഷിക്കുന്നതിന് മുഖ്യ അച്ചടക്ക ഉദ്യോഗസ്ഥനെ സഹായിക്കുക ;

(ബി) ദ്വാരപാലകൻമാരുടെ ജോലിയുടെ മേൽനോട്ടം വഹിക്കുക ;

(സി) തടവുകാരുടെ ജോലിയുടെയോ തൊഴിലിന്റെയോ മേൽനോട്ടം വഹിക്കുക ;

(ഡി) പ്രിസണിൽ, നിരോധിക്കപ്പെട്ടതോ അനധികൃതമായതോ ആയ ഏതെങ്കിലും വസ്തുവിന്റെ കള്ളക്കടത്ത് തടയുക ;

(ഇ) നിരോധിത വസ്തുക്കളുടെ കള്ളക്കടത്തോ കൈവശം വയ്ക്കലോ നടത്തുന്ന കുറ്റക്കാർക്കെതിരെ നടപടിയെടുക്കുക ;

(എഫ്) ഔദ്യോഗികവും അനൗദ്യോഗികവും ആയ സന്ദർശകരെ സ്വീകരിക്കുക ;

(ജി) അച്ചടക്കവും പ്രിസൺ ഭരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും മുഖ്യ അച്ചടക്ക ഉദ്യോഗസ്ഥന്റെ ആദേശങ്ങൾ നടപ്പിലാക്കുക.

(7) പ്രിസണുകളിൽ അച്ചടക്കം നടപ്പിലാക്കുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

29. ജില്ലാ ജയിലുകൾ, പ്രത്യേക സബ് ജയിലുകൾ, സബ് ജയിലുകൾ, എന്നിവിടങ്ങളിലെ സൂപ്രണ്ടിന്റെ ഉത്തരവാദിത്വം.—ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി സൂപ്രണ്ട് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ സഹായത്തോടെ, പ്രിസണിലെ അച്ചടക്കം കാത്തുസൂക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം VII

## തടവുകാരുടെ പ്രവേശനവും നീക്കം ചെയ്യലും

30. തടവുകാരുടെ പ്രവേശനം.—(1) തത്സമയം പ്രിസണിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ ആരാണോ അയാൾ മുമ്പാകെ ക്ഷമതയുള്ള ഒരു അധികാരസ്ഥാനം ഒരാളുടെ തടങ്കൽ പ്രാധികാരം ചെയ്തുകൊണ്ട് ഒപ്പിട്ട് യഥാവിധി മുദ്ര വച്ചതുമായ ഒരു വാറണ്ടോ, റിട്ടോ, ഉത്തരവോ ഹാജരാക്കാത്തപക്ഷം യാതൊരാളെയും ഒരു പ്രിസണിലും തടങ്കലിനായി പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഒരു പ്രിസണിൽ തടങ്കലിൽ വയ്ക്കുന്നതിനായി സ്വീകരിക്കപ്പെടുന്ന ഓരോ ആളേയും ദേഹപരിശോധന നടത്തേണ്ടതും, ദേഹപരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ തടവുകാരന്റെ കൈവശത്തിലുള്ള എല്ലാ ആയുധങ്ങളും, നിരോധിതവസ്തുക്കൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും കസ്റ്റഡിയിലെടുക്കേണ്ടതുമാണ്. തടവുകാരനോ വ്യക്തിക്കോ അനാവശ്യപീഡനം, അവഹേളനം അല്ലെങ്കിൽ മാനഹാനി എന്നിവയ്ക്ക് വിധേയമാകാത്തരീതിയിൽ ദേഹപരിശോധന നടത്തേണ്ടതാണ്. ഒരു വനിതാ തടവുകാരിയെ മേട്രനോ ഒരു വനിതാ വാർഡനോ മാത്രമേ ദേഹപരിശോധന നടത്താൻ പാടുള്ളു. ഒരു വനിതയെ ഒരു പ്രിസണിൽ പ്രവേശിപ്പിക്കുമ്പോൾ അവിടെ മറ്റു വനിതാ തടവുകാരാരും ഇല്ലെങ്കിൽ, ഒരു വനിതാ വാർഡറെ അങ്ങനെയുള്ള വനിതാ തടവുകാരിയെ പാർപ്പിച്ചിട്ടുള്ള വാർഡിനുള്ളിൽ നിൽക്കാൻ നിയോഗിക്കേണ്ടതാണ്.

(3) ശരിയായ അനുമതിയോടുകൂടി പ്രിസണിനകത്തേക്ക് ഏതെങ്കിലും ക്രിമിനൽ തടവുകാരൻ കൊണ്ടുവന്നതോ പ്രിസണിൽ അയാളുടെ ഉപയോഗത്തിനായി കൊണ്ടുവന്നതോ ആയ എല്ലാ പണവും മറ്റു വിലപിടിപ്പുള്ള സാധനങ്ങളും അതിനെ സംബന്ധിച്ച് ഒരു ക്ഷമതയുള്ള കോടതിയുടെ ഉത്തരവ് ഇല്ലാത്തിടത്ത് സൂപ്രണ്ടിന്റെയോ അതിലേക്കായി സൂപ്രണ്ട് പ്രാധികാരം ചെയ്തിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെയോ കസ്റ്റഡിയിൽ വയ്ക്കേണ്ടതാണ്.

(4) ദേഹപരിശോധനയ്ക്കുശേഷവും അയാളെ പാർപ്പിക്കാൻ കൊണ്ടുപോകുന്നതിനു മുമ്പായും ഗേറ്റിൽ വച്ചുതന്നെ ഓരോ തടവുകാരന്റെയും ഫോട്ടോ എടുക്കേണ്ടതും അയാളുടെ ശരിയായ തിരിച്ചറിയൽ സ്ഥാപിക്കുന്നതിലേക്കായി വിരലടയാളങ്ങൾ ഉൾപ്പെടുന്ന അയാളുടെ ശാരീരിക അളവുകൾ എടുത്തിരിക്കേണ്ടതുമാണ്.

(5) മെഡിക്കൽ ആഫീസറുടെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ പ്രകാരം ഓരോ തടവുകാരനേയും, പ്രവേശനത്തിനുശേഷം, അതേ ദിവസമോ അടുത്ത ദിവസമോ പരിശോധിക്കേണ്ടതും തടവുകാരന്റെ ആരോഗ്യാവസ്ഥ, അയാളുടെ ശരീരത്തിലെ ഏതെങ്കിലും മുറിവുകളും അടയാളങ്ങളും രക്തഗ്രൂപ്പും അയാൾ എച്ച് . ഐ. വി. പോസിറ്റീവ് ആണോ എന്നത് ഉൾപ്പെടെയുള്ള വിവരങ്ങളും കഠിനതടവിനു ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് യോജിച്ച തൊഴിൽ വിഭാഗവും, കൂടാതെ ചേർക്കുവാൻ ഉചിതമെന്ന് മെഡിക്കൽ ആഫീസർ കരുതുന്ന ഏതെങ്കിലും നിരീക്ഷണങ്ങളും മെഡിക്കൽ ആഫീസർ സൂക്ഷിക്കേണ്ടതായ ഒരു ബുക്കിൽ അദ്ദേഹം ചേർക്കുകയോ ചേർക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പുപ്രകാരമുള്ള പരിശോധനയ്ക്കിടെ ഏതെങ്കിലും തടവുകാരൻ ഏതെങ്കിലും സാംക്രമിക രോഗത്താലോ മനോരോഗത്താലോ, മയക്കുമരുന്നിനടിമപ്പെട്ടോ ഗുരുതരമായ അസുഖത്താലോ ഗർഭധാരണത്താലോ പരിക്കിനാലോ

കഷ്ടപ്പെടുകയാണെന്ന് കാണുകയോ മെഡിക്കൽ ആഫീസറുടെ പരിശോധനയിൽ മറ്റേതെങ്കിലും ഗുരുതരമായ രോഗമുണ്ടെന്ന് തിരിച്ചറിയുകയോ ആണെങ്കിൽ, ആ തടവുകാരനെ ഒരു സർക്കാർ ആശുപത്രിയിലേക്കോ മാനസികാരോഗ്യകേന്ദ്രത്തിലേക്കോ, അതതുസംഗതിപോലെ, റഫർ ചെയ്യേണ്ടതാണ് :

എന്നാൽ, (6)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങളെ സംബന്ധിച്ച പരിശോധന രണ്ട് ആഴ്ചയ്ക്കകം നടത്തേണ്ടതും അതിനെ സംബന്ധിച്ച ഒരു റിപ്പോർട്ട് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതുമാണ്.

എന്നിരുന്നാലും മാനസികാരോഗ്യകേന്ദ്രത്തിലേക്ക് ഒരു തടവുകാരനെ റഫർ ചെയ്യുന്നതിനു മുമ്പായി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ഉത്തരവുകൾ വാങ്ങിയിരിക്കേണ്ടതാണ്.

(7) അവധി കഴിഞ്ഞ് മടങ്ങി വരുന്ന ഓരോ തടവുകാരനേയും (5)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളതുപോലെ അതേ രീതിയിൽ മെഡിക്കൽ ആഫീസർ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കേണ്ടതാണ്.

31. തടവുകാരെ നീക്കം ചെയ്യൽ.—(1) എല്ലാ തടവുകാരേയും, ഒരു പ്രിസണിൽനിന്നും മറ്റൊരു പ്രിസണിലേക്ക് നീക്കം ചെയ്യുന്നതിനുമുമ്പായി, മെഡിക്കൽ ആഫീസർ പരിശോധിച്ചിരിക്കേണ്ടതാണ്.

(2) ഒരു പ്രിസണിൽനിന്നും മറ്റൊരു പ്രിസണിലേക്ക് മാറ്റുന്നതിന് തടവുകാരൻ വൈദ്യശാസ്ത്രപരമായി പറ്റിയ അവസ്ഥയിൽ ആണെന്ന് മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്താത്തപക്ഷം ഒരു തടവുകാരനെയും അങ്ങനെ മാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

32. വിട്ടയയ്ക്കാൻ ഉത്തരവായതും എന്നാൽ ഹാജരാക്കൽ വാറണ്ട് നിലനിൽക്കുന്നതുമായ തടവുകാരനെ തടങ്കലിൽ വയ്ക്കൽ.—(1) ഒരു ക്രിമിനൽ തടവുകാരനെ വിട്ടയയ്ക്കുന്നതിന് കോടതി ഉത്തരവാകുകയും എന്നാൽ അയാൾക്കെതിരായി മറ്റൊരു കോടതിയിൽ നിന്നുള്ള ഹാജരാക്കൽ വാറണ്ട് സൂപ്രണ്ടിന് ലഭിക്കുകയും അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുമ്പോൾ അയാളുടെ വീണ്ടുമുള്ള തടങ്കലിൽ വയ്ക്കൽ സംബന്ധിച്ച് ആ ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ നിന്നും സൂപ്രണ്ട് ഉത്തരവ് നേടേണ്ടതാണ്. ഈ സംഗതിയിൽ സൂപ്രണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവുകൾ പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

## അദ്ധ്യായം VIII

## തടവുകാരുടെ ഭക്ഷണവും, വസ്ത്രവും, കിടക്കവിരിയും

33. സിവിൽ തടവുകാരുടെ സംരക്ഷണം.—(1) പരിശോധനയ്ക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി, ഒരു സിവിൽ തടവുകാരനെ അയാൾക്കാവശ്യമുള്ള വസ്ത്രവും മറ്റ് ആവശ്യകതകളും സ്വയം പരിപാലിക്കുന്നതിനും സ്വകാര്യ

സ്രോതസ്സുകളിൽ നിന്ന് നേടുന്നതിനും അനുവദിക്കേണ്ടതാണ്. ഒരു സിവിൽ തടവുകാരനെ അല്ലെങ്കിൽ ഒരു സിവിൽ അധമർണ്ണനെ തടങ്കലിൽ വയ്ക്കുന്നതിനായി പ്രിസൺ വകുപ്പിന് വിധിയുടമ നൽകേണ്ടതായ ഉപജീവന ബത്ത ആനുകാലികമായും അനുയോജ്യമായും വർദ്ധിപ്പിക്കാവുന്നതാണ്.

(2) ഏതെങ്കിലും സിവിൽ തടവുകാരന്റെ വകയായ വസ്ത്രത്തിന്റെയും മറ്റ് ആവശ്യതകളുടെയും യാതൊരു ഭാഗവും മറ്റ് ഏതൊരു തടവുകാരനും നൽകുവാനോ വാടകയ്ക്ക് നൽകുവാനോ വിൽക്കുവാനോ പാടുള്ളതല്ലാത്തതും ഈ വകുപ്പിലെ വ്യവസ്ഥകൾ അതിലംഘിക്കുന്ന ഏതൊരു സിവിൽ തടവുകാരനും, സൂപ്രണ്ടിന് ശരിയെന്ന് തോന്നുന്ന അത്രയും കാലത്തേയ്ക്ക് മേൽ പറഞ്ഞ ഇനങ്ങൾ സ്വകാര്യ സ്രോതസ്സുകളിൽ നിന്നും നേടുന്നതിനുള്ള വിശേഷാവകാശം നഷ്ടപ്പെടുന്നതുമാണ്.

(3) മതിയായ വസ്ത്രവും മറ്റ് ആവശ്യകതകളും സ്വയം ഏർപ്പെടുത്താൻ കഴിയാത്ത ഓരോ സിവിൽ തടവുകാരനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വസ്ത്രവും മറ്റ് ആവശ്യകതകളും നൽകേണ്ടതാണ്.

(4) ഓരോ സിവിൽ തടവുകാരനും നിർണ്ണയിക്കപ്പെടാവുന്ന പരിശോധനയ്ക്കും ഉപാധികൾക്കും വിധേയമായി, സൂപ്രണ്ട് അങ്ങനെയുള്ള ഭക്ഷണം നൽകേണ്ടതാണ്.

34. വിചാരണ തടവുകാരുടെയും ഡെറ്റിന്യൂകളുടെയും സംരക്ഷണം.—(1) വിചാരണ തടവുകാരുടെയും, ഡെറ്റിന്യൂകളെയും അവർക്ക് ആവശ്യമുള്ള വസ്ത്രവും മറ്റ് ആവശ്യകതകളും ചട്ടങ്ങൾക്ക് വിധേയമായി, അവർതന്നെ കൊണ്ടു വരുന്നതിനോ സ്വകാര്യ സ്രോതസ്സുകളിൽ നിന്ന് നേടുന്നതിനോ അനുവദിക്കേണ്ടതാണ്.

(2) ഏതെങ്കിലും വിചാരണ തടവുകാരന്റെയോ ഡെറ്റിന്യൂവിന്റെയോ വകയായ വസ്ത്രത്തിന്റെയോ മറ്റ് ആവശ്യകതകളുടെയോ യാതൊരു ഭാഗവും അയാൾ മറ്റേതൊരു തടവുകാരനും നൽകുവാനോ വാടകയ്ക്ക് നൽകുവാനോ വിൽക്കുവാനോ പാടുള്ളതല്ലാത്തതും ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ അതിലംഘിക്കുന്ന ഏതൊരു വിചാരണ തടവുകാരനോ ഡെറ്റിന്യൂവോ സൂപ്രണ്ടിനു ശരിയെന്നു കരുതുന്ന അങ്ങനെയുള്ള കാലത്തേക്ക് മേൽ പറഞ്ഞ ഇനങ്ങൾ സ്വകാര്യ സ്രോതസ്സുകളിൽ നിന്ന് നേടുന്നതിനുള്ള വിശേഷാവകാശം നഷ്ടപ്പെടുന്നതുമാണ്.

(3) മതിയായ വസ്ത്രങ്ങളും മറ്റ് ആവശ്യകതകളും സ്വയം ഏർപ്പെടുത്താൻ കഴിയാത്ത വിചാരണ തടവുകാർക്കും ഡെറ്റിന്യൂകൾക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള വസ്ത്രങ്ങളും മറ്റ് ആവശ്യകതകളും നൽകേണ്ടതാണ്.

(4) വിചാരണ തടവുകാരനും ഡെറ്റിന്യൂവിനും പരിശോധനയ്ക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉപാധികൾക്കും വിധേയമായി, സൂപ്രണ്ട് അങ്ങനെയുള്ള ഭക്ഷണം നൽകേണ്ടതാണ്.

(5) പ്രിസണുകളിൽ നിന്നും വിചാരണ തടവുകാർക്കും ഡെറ്റിന്യൂകൾക്കും നൽകുന്ന ഏതെങ്കിലും ഭക്ഷണം, കിടക്കവിരി, മറ്റ് ആവശ്യകതകൾ എന്നിവയ്ക്ക് അവരിൽനിന്നും പണം ആവശ്യപ്പെടാൻ പാടുള്ളതല്ല.

35. ക്രിമിനൽ തടവുകാരുടെ സംരക്ഷണം.—(1) ക്രിമിനൽ തടവുകാരുടെ ഭക്ഷണവും വസ്ത്രവും കിടക്കവിരിയും മറ്റ് ആവശ്യകതകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സൂപ്രണ്ട് നൽകേണ്ടതാണ്.

(2) പ്രിസണുകളിൽ ക്രിമിനൽ തടവുകാരന് നൽകുന്ന ഏതെങ്കിലും ഭക്ഷണം, കിടക്കവിരി, മറ്റ് ആവശ്യകതകൾ എന്നിവയ്ക്ക് അവരിൽനിന്നും പണം ആവശ്യപ്പെടാൻ പാടുള്ളതല്ല.

## അദ്ധ്യായം IX

## തടവുകാരുടെ അവകാശങ്ങളും കർത്തവ്യങ്ങളും

36. തടവുകാരുടെ അവകാശങ്ങൾ.—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും വിധേയമായി എല്ലാ തടവുകാർക്കും.—

(എ) മനുഷ്യനു ചേർന്ന അന്തസ്സോടുകൂടി ജീവിക്കുന്നതിനും ;

(ബി) മതിയായ ആഹാരക്രമവും, ആരോഗ്യ വൈദ്യ സഹായവും, ശുചിത്വമായ ജീവിതസാഹചര്യങ്ങൾക്കും ശരിയായ വസ്ത്രത്തിനും ;

(സി) തന്റെ കുടുംബാംഗങ്ങളുമായും മറ്റുള്ള ആളുകളുമായും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഉപാധികൾക്കും വിധേയമായും ബന്ധപ്പെടാവുന്നതുൾപ്പെടെയുള്ള ആശയവിനിമയം നടത്തുന്നതിനും ;

(ഡി) നിയമസേവനവും നിയമസഹായവുമുൾപ്പെടുന്ന യോജിച്ച നിയമ നടപടികൾ പ്രാപ്യമാക്കുന്നതിനും ;

(ഇ) നിയമം പ്രാധികാരപ്പെടുത്താത്ത ഏതെങ്കിലും രീതിയിൽ അയാൾക്കു മേലുള്ള നിയമവിരുദ്ധമായ ആക്രമണത്തിനെതിരായോ മാനഹാനി വരുത്തുന്നതിനെതിരായോ ഉള്ള സംരക്ഷണത്തിനും ;

(എഫ്) യുക്തിരഹിതമായ വിവേചനത്തിനെതിരെയുള്ള സംരക്ഷണത്തിനും ;

(ജി) നിയമത്താൽ സ്ഥാപിക്കപ്പെട്ട നടപടിക്രമം മുഖേനയല്ലാതെയും പ്രതിവാദത്തിന് മതിയായ അവസരം നൽകാതെയും ഉള്ള ശിക്ഷയ്ക്കോ ശിക്ഷയായി തീരാവുന്ന ബുദ്ധിമുട്ടുകൾക്കോ എതിരെയുള്ള സംരക്ഷണത്തിനും ;

(എച്ച്) നിയമപ്രകാരം തടവുകാർക്ക് അനുവദനീയമായ സൗകര്യങ്ങളും പ്രത്യേക അവകാശവും സംബന്ധിച്ച വിവരം ലഭിക്കുന്നതിനും ;

(ഐ) അയാളുടെ മതവിശ്വാസം തുടരുന്നതിനും ;

(ജെ) നിയമത്താൽ പ്രാധികാരപ്പെടുത്താത്തതോ, നിർണ്ണയിക്കപ്പെട്ട കാലയളവ് കഴിഞ്ഞതോ നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള വേതനം നൽകാതെയുള്ളതോ ആയ തൊഴിലിനെതിരെ സംരക്ഷണം നൽകുന്നതിനും ;

(കെ) കുറ്റസ്ഥാപനത്തിന്റെയും തടങ്കലിന്റെയും അനുബന്ധമായി അനുഭവിക്കാൻ കഴിയാതെയാകുന്നതൊഴികെയുള്ള ഭാരതത്തിന്റെ ഭരണഘടനയുടെ III-ാം അദ്ധ്യായത്തിൻകീഴിലുള്ള മൗലികാവകാശങ്ങൾ അനുഭവിക്കുന്നതിനും ; കൂടാതെ

(എൽ) നിശ്ചിത തീയതിയിൽ വിട്ടയയ്ക്കപ്പെടുന്നതിനും,

അവകാശം ഉണ്ടായിരിക്കുന്നതാണ്.

*വിശദീകരണം*:—(എഫ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി ഈ ആക്ടോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം തരംതിരിക്കലോ വേർതിരിച്ചു പാർപ്പിക്കലോ പെരുമാറ്റത്തിലുള്ള പക്ഷാന്തരമോ യുക്തിരഹിതമായ വിവേചനമായി കരുതുവാൻ പാടുള്ളതല്ല.

37. തടവുകാരുടെ കർത്തവ്യങ്ങൾ.—ഏതൊരു പ്രിസൺ ഉദ്യോഗസ്ഥന്റെയും ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിക്കുകയും ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുകയും, നിർണ്ണയിക്കപ്പെടാവുന്ന മറ്റു കർത്തവ്യങ്ങൾകൂടി അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഓരോ തടവുകാരന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

## അദ്ധ്യായം X

## തടവുകാരുടെ തരംതിരിക്കലും വേർതിരിക്കലും

38. തടവുകാരുടെ തരംതിരിക്കൽ.— എല്ലാ പ്രിസണിലെയും താഴെ തരം തിരിച്ചിട്ടുള്ള പ്രകാരമുള്ള തടവുകാരെ സൂപ്രണ്ടും, ജോയിന്റ് സൂപ്രണ്ടും, വെൽഫയർ ആഫീസറും, മെഡിക്കൽ ആഫീസറും ഉൾപ്പെടുന്ന ഒരു സമിതി തരം തിരിക്കേണ്ടതാണ്, അതായത്:—

(എ) സിവിൽ തടവുകാർ

(ബി) ക്രിമിനൽ തടവുകാർ

(സി) വിചാരണത്തടവുകാർ

(ഡി) കുറ്റം സ്ഥാപിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ട തടവുകാർ

(ഇ) പതിവു കുറ്റക്കാർ

(എഫ്) പതിവുകുറ്റക്കാരല്ലാത്തവർ

(ജി) ഡെറ്റിന്യൂകൾ

(എച്ച്) ചിത്തഭ്രമമുള്ള ക്രിമിനൽ തടവുകാർ

(ഐ) അപകടകാരികളായ തടവുകാർ

(ജെ) കരുതൽ തടവുകാർ

(കെ) മരണശിക്ഷ വിധിക്കപ്പെട്ട തടവുകാർ.

39. തടവുകാരെ വേർതിരിക്കൽ.—(1) 38-ാം വകുപ്പുപ്രകാരം വിവിധ ഭാഗങ്ങളായി തരംതിരിച്ചിട്ടുള്ള തടവുകാരെ വെവ്വേറെ തടവിൽ പാർപ്പിക്കേണ്ട താണ്.

(2) 38-ാം വകുപ്പിലെ (എ) മുതൽ (കെ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശി ച്ചിട്ടുള്ള തടവുകാരെ പുരുഷ തടവുകാരെന്നും വനിതാ തടവുകാരെന്നും വീണ്ടും തരംതിരിക്കേണ്ടതും അവരുടെ പരസ്പര സമ്പർക്കം തടയുന്നതിനായി അപ്രകാരമുള്ള രീതിയിൽ വെവ്വേറെ കെട്ടിടങ്ങളിൽ വെവ്വേറെ പാർപ്പിക്കേണ്ടതുമാണ്.

(3) 1956-ലെ വ്യഭിചാര വ്യാപാരം (തടയൽ) ആക്റ്റ് (1956-ലെ 104-ാം കേന്ദ്ര ആക്റ്റ്) പ്രകാരം കുറ്റസ്ഥാപനം നടത്തപ്പെട്ടതോ കുറ്റങ്ങൾ ചാർജ് ചെയ്യപ്പെട്ടതോ ആയ വനിതാ തടവുകാരെ മറ്റു വനിതാ തടവുകാരിൽ നിന്നും വേർതിരിച്ചു പാർപ്പിക്കേണ്ടതാണ്.

(4) പ്രായപൂർത്തിയാകാറായ കുറ്റക്കാരെ പ്രത്യേകം തടങ്കലിൽ വയ്ക്കേണ്ടതും പ്രായപൂർത്തിയായ തടവുകാരിൽ നിന്നും മാറ്റി പാർപ്പിക്കേണ്ടതുമാണ്.

(5) റിമാൻഡ് ചെയ്യപ്പെട്ട തടവുകാരെയും വിചാരണത്തടവുകാരെയും കുറ്റസ്ഥാ പനം ചെയ്യപ്പെട്ട ക്രിമിനൽ തടവുകാരിൽ നിന്നും മാറ്റി പാർപ്പിക്കേണ്ടതാണ്.

(6) സിവിൽ തടവുകാരെ ക്രിമിനൽ തടവുകാരിൽ നിന്നും മാറ്റി പാർപ്പി ക്കേണ്ടതാണ്.

(7) അപകടകാരികളായ തടവുകാരെയും കരുതൽ തടവുകാരെയും വെവ്വേറെ പാർപ്പിക്കേണ്ടതാണ്.

(8) ഡെറ്റിന്യൂകളെ പ്രത്യേകം പാർപ്പിക്കേണ്ടതാണ്.

(9) സൈനിക തടവുകാരെ പ്രത്യേകം പാർപ്പിക്കേണ്ടതാണ്.

(10) വിദേശ തടവുകാരെ പ്രത്യേകം പാർപ്പിക്കേണ്ടതാണ്.

(11) ചിത്തഭ്രമമുള്ള ക്രിമിനൽ തടവുകാരെ പ്രിസണിൽ പാർപ്പിക്കുവാൻ പാടുള്ളതല്ല, എന്നാൽ അവരെ മെഡിക്കൽ ആഫീസറുടെ ഉപദേശത്തിൻമേൽ ഏറ്റവും അടുത്തുള്ള മാനസികാരോഗ്യ കേന്ദ്രത്തിലോ ആശുപത്രിയിലോ അയയ്ക്കേണ്ടതാണ്.

(12) ആദ്യ കുറ്റക്കാരെ പതിവു കുറ്റക്കാരിൽ നിന്നും മാറ്റി പാർപ്പിക്കേണ്ടതാണ്.

(13) സാംക്രമിക രോഗങ്ങളാൽ കഷ്ടപ്പെടുന്ന തടവുകാരെയും ശാരീരിക സ്പർശനത്തിലൂടെ സഹതടവുകാരിലേക്ക് രോഗം സംക്രമിപ്പിക്കാൻ സാദ്ധ്യതയുള്ള തടവു കാരെയും വെവ്വേറെ പാർപ്പിക്കേണ്ടതാണ്.

(14). വൃദ്ധരും ബലഹീനരും അംഗവൈകല്യമുള്ളതുമായ തടവുകാരെ കഴിയുന്നിടത്തോളം വെവ്വേറെ പാർപ്പിക്കേണ്ടതാണ്.

(15) ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിപാർപ്പിച്ചിട്ടുള്ള എല്ലാ രക്തബന്ധ മുള്ള തടവുകാരെയും ഒരു പ്രിസൺ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ആഴ്ചയിൽ ഒരിക്കൽ പരസ്പരം കൂടിക്കാഴ്ചയ്ക്ക് അനുവദിക്കേണ്ടതാണ്.

40. തടവുകാരുടെ കൂട്ടവും വേർതിരിക്കലും.—38-ാം വകുപ്പിലെ ആവശ്യങ്ങൾക്ക് വിധേയമായി, കുറ്റം സ്ഥാപിക്കപ്പെട്ട തടവുകാരെ സെല്ലുകളിൽ കൂട്ടമായോ ഒറ്റയ്ക്കോ അല്ലെങ്കിൽ ഭാഗികമായി ഒരു വിധത്തിലോ ഭാഗികമായോ മറ്റുവിധത്തിലോ തടങ്കലിൽ വയ്ക്കാവുന്നതാണ്.

41. ഏകാന്ത തടവ്.—പ്രിസണിലെ ഒരു ഉദ്യോഗസ്ഥനുമായി ഏതു സമയത്തും സമ്പർക്കത്തിലാവുന്നതിന് തടവുകാരന് കഴിയുന്ന വിധത്തിൽ യാതൊരു സെല്ലിലും ക്രമീകരണം നടത്തിയിട്ടില്ലാത്തപക്ഷം ആ സെല്ല് ഏകാന്ത തടവിനായി ഉപയോഗിക്കുവാൻ പാടില്ലാത്തതും ശിക്ഷയായോ മറ്റുവിധത്തിലോ ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ ഒരു സെല്ലിൽ അങ്ങനെ തടങ്കലിൽ വച്ചിട്ടുള്ള ഓരോ തടവുകാരനെയും മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ ദിവസത്തിലൊരിക്കലെങ്കിലും സന്ദർശിക്കേണ്ടതുമാണ്.

42. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാർ.—(1) മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഓരോ തടവുകാരനും, ശിക്ഷിക്കപ്പെട്ടതിനുശേഷം അയാൾ പ്രിസണിൽ എത്തിച്ചേർന്നാലുടൻ അയാളുടെ ദേഹ പരിശോധന അതിസൂക്ഷ്മമായി നടത്തേണ്ടതും എല്ലാ വസ്തുക്കളും സൂപ്രണ്ടോ ഇതിലേക്കായി സൂപ്രണ്ട് പ്രാധികാരം ചെയ്യുന്ന ഉദ്യോഗസ്ഥനോ പ്രസ്തുത തടവുകാരന്റെ കൈവശം അവ വിട്ടുകൊടുത്താൽ അപായകരമാണെന്നോ അനുചിതമാണെന്നോ കരുതുന്നത്, അയാളിൽ നിന്നും എടുത്ത് മാറ്റേണ്ടതുമാണ്.

(2) അപ്രകാരമുള്ള ഓരോ തടവുകാരനെയും അയാളുടെ അന്തിമമായി നടത്താവുന്ന ശിക്ഷാവിധി പാസ്സാക്കും വരെ ഒരു സാധാരണ കുറ്റസ്ഥാപിത തടവുകാരനായി കണക്കാക്കേണ്ടതും അപ്രകാരമുള്ള ഒരു തടവുകാരനും യാതൊരു അവധിക്കോ അകമ്പടി സന്ദർശനത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(3) മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാരനെ സംബന്ധിച്ച് അന്തിമമായി നടപ്പാക്കുന്ന ഒരു ശിക്ഷാവിധി പാസ്സാക്കുമ്പോൾ അയാളെ മറ്റു എല്ലാ തടവുകാരിൽ നിന്നും മാറ്റി ഒരു സെല്ലിൽ തടങ്കലിലാക്കേണ്ടതും പകലും രാത്രിയിലും ഒരു കാവൽക്കാരന്റെ ചുമതലയിൽ സൂക്ഷിക്കേണ്ടതുമാണ്.

## അദ്ധ്യായം XI

## തടവുകാരുടെ കസ്റ്റഡിയും സുരക്ഷയും

43. തടവുകാരുടെ സുരക്ഷിത കസ്റ്റഡിയും സുരക്ഷയും.—തടവുകാരുടെ സുരക്ഷിത കസ്റ്റഡിയും സുരക്ഷയും ഉറപ്പ് വരുത്തുന്നതിനുള്ള ഫലപ്രദ നടപടികൾ ഏറ്റെടുക്കുന്നതിന് പ്രിസൺ സൂപ്രണ്ട് ഉത്തരവാദിയായിരിക്കുന്നതാണ്.

44. കോടതിയുടെ അനുമതിയോടെയുള്ള ഇരുമ്പഴിക്കുള്ളിലെ തടങ്കൽ.—ഒരു തടവുകാരന്റെ അക്രമത്തിനുള്ള പ്രവണതയോ അയാളുടെ രക്ഷപ്പെടാനുള്ള പ്രവണതയോ അത്രത്തോളം അപായകരമോ സാഹസികമോ ആയിരിക്കുകയും അതായത് അയാളുടെ രക്ഷപ്പെടൽ തടയുവാൻ അയാളെ ഇരുമ്പഴിക്കുള്ളിൽ തടങ്കലിലാക്കുന്നതൊഴികെ മറ്റു പ്രായോഗിക മാർഗ്ഗം ലഭ്യമല്ലെന്നുള്ളതും കണക്കിലെടുത്ത് അയാൾ പ്രിസണിൽ നിന്നും

ചാടി പുറത്തുപോകുവാനോ കസ്റ്റഡി ഭേദിക്കുവാനോ സാധ്യതയുണ്ടെന്ന് എപ്പോഴാണോ സൂപ്രണ്ടിന് വിശ്വസിക്കുവാൻ കാരണമുണ്ടാകുന്നത് അപ്പോൾ അദ്ദേഹത്തിന് കോടതിയുടെ അനുമതിയോടെ അയാളെ അപ്രകാരം തടങ്കലിൽ വയ്ക്കാവുന്നതാണ്.

45. അടിയന്തിര പരിതഃസ്ഥിതികളിൽ കൈവിലങ്ങുകളുടെയും കാൽവിലങ്ങുകളുടെയും ഉപയോഗം.—അടിയന്തിര പരിതഃസ്ഥിതികളിൽ ഏതൊരു തടവുകാരന്റെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിന്, കാരണങ്ങൾ എഴുതി രേഖപ്പെടുത്തിക്കൊണ്ട് കൈവിലങ്ങുകളും കാൽവിലങ്ങുകളും ഉപയോഗിക്കുന്നതിന് സൂപ്രണ്ടിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്, അപ്രകാരം കൈവിലങ്ങുകളും കാൽ വിലങ്ങുകളും ഉപയോഗിച്ച് ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ജില്ലാ സെഷൻസ് ജഡ്ജിക്ക് അറിയിപ്പ് കൊടുത്തുകൊണ്ടായിരിക്കേണ്ടതുമാണ്.

46. അപകടകാരികളായ തടവുകാരും കരുതൽ തടവുകാരും.—(1) അപകടകാരികളായ തടവുകാരെയും കരുതൽ തടവുകാരെയും സെൻട്രൽ പ്രിസണുകളിലെയോ ഉന്നത സുരക്ഷയുള്ള പ്രിസണുകളിലെയോ പ്രത്യേക സെല്ലുകളിൽ പാർപ്പിക്കേണ്ടതാണ്.

(2) സൂപ്രണ്ട്, അപകടകാരികളായ തടവുകാരുടെയും കരുതൽ തടവുകാരുടെയും സുരക്ഷിതമായ കസ്റ്റഡി ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഇതിലേയ്ക്കായി വിജ്ഞാപനം വഴി വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരം, പ്രത്യേക ശ്രദ്ധയും ജാഗ്രതയുമെടുക്കേണ്ടതാണ്.

47. ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ചയ്ക്കും ആശയവിനിമയത്തിനുമുള്ള സൗകര്യം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും പ്രിസണിന്റെയും തടവുകാരുടെയും സുരക്ഷയെ സംബന്ധിച്ചുള്ള ചട്ടങ്ങൾക്കും വിധേയമായി, സൂപ്രണ്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അപ്രകാരമുള്ള ഇടവേളകളിലും ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ചകൾക്കും ആശയവിനിമയത്തിനും കത്തുകളെഴുതുന്നതിനും വേണ്ടി ഉള്ള സൗകര്യങ്ങൾ ഓരോ തടവുകാരനും ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

48. സന്ദർശകരുടെ ദേഹപരിശോധന.—(1) സൂപ്രണ്ടോ ഇതിനായി പ്രാധികാരം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥനോ ഒരു തടവുകാരന്റെ എല്ലാ സന്ദർശകരുടെയും പേരും മേൽവിലാസവും പ്രിസണിന്റെ പ്രവേശനകവാടത്തിൽ ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഒരു രജിസ്ട്രറിൽ രേഖപ്പെടുത്തേണ്ടതും പ്രിസണിനും തടവുകാർക്കുമുള്ള സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിലേക്കുമായി സന്ദർശകരുടെ സമ്പൂർണ്ണ ദേഹപരിശോധന നടത്തുന്നതിന് ഇടയാക്കേണ്ടതുമാണ്. സന്ദർശകന്റെ കൈവശം ഏതെങ്കിലും നിരോധിത വസ്തു കണ്ടെത്തുകയാണെങ്കിൽ സൂപ്രണ്ടോ, പ്രാധികാരം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥനോ അപ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടി ആരംഭിക്കേണ്ടതും തടവുകാരനെ കാണുന്നതിന് അങ്ങനെയുള്ള സന്ദർശകനെ അനുവദിക്കുവാൻ പാടില്ലാത്തതുമാണ്. ഏതെങ്കിലും തടവുകാരനെ സന്ദർശിക്കാനെന്ന വ്യാജേന, പ്രിസണിലേക്ക് സന്ദർശകൻ നിരോധിത വസ്തുക്കൾ കൊണ്ടുവരുന്നില്ല എന്ന് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്. സ്വകാര്യതയ്ക്കും മാന്യതയ്ക്കും അർഹമായ പരിഗണനയോടെയാകണം സന്ദർശകരുടെ ദേഹപരിശോധന നടത്തേണ്ടത്. വനിതാ വാർഡർമാരോ വനിതാ ജീവനക്കാരോ മാത്രമേ വനിതാസന്ദർശകരുടെ ദേഹപരിശോധന നടത്തുവാൻ പാടുള്ളൂ. പുരുഷൻമാരുടെ ദൃഷ്ടിയിൽ നിന്നും വേറിട്ട് പ്രത്യേകം അടച്ചുകെട്ടിയ സ്ഥലത്തായിരിക്കണം വനിതാ സന്ദർശകരുടെ ദേഹപരിശോധന നടത്തേണ്ടത്.

(2) ദേഹപരിശോധന നടത്തുവാൻ വിസമ്മതിക്കുന്ന ഒരു സന്ദർശകന് സൂപ്രണ്ട്, പ്രവേശനം നിഷേധിക്കേണ്ടതും അങ്ങനെയുള്ള നിഷേധത്തിന്റെ കാരണങ്ങൾ ഒരു നടപടിക്രമത്തിൽ രേഖപ്പെടുത്തേണ്ടതും അതിന്റെ ഉള്ളടക്കങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള റിക്കാർഡുകളിലും അങ്ങനെയുള്ള രീതിയിലും രേഖപ്പെടുത്തേണ്ടതുമാണ്.

49. വിദേശ തടവുകാർ.—(1) വിദേശ തടവുകാരെ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും പ്രിസണിന്റെയും തടവുകാരുടെയും സുരക്ഷയെ സംബന്ധിച്ച് അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി നിയമസഹായത്തിനായി അവരുടെ സ്വന്തം ചെലവിൽ ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിക്കുവാനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികളിൻമേലും ഇന്ത്യയിലെ അവരുടെ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെടുവാനുംകൂടി അനുവദിക്കാവുന്നതാണ്.

(2) ബന്ധപ്പെട്ട പ്രിസൺ സൂപ്രണ്ട്, പ്രിസണിലെ ഏതെങ്കിലും വിദേശ പൗരന്റെ പ്രവേശനത്തെ സംബന്ധിച്ച്, പൂർണ്ണമായും പേരും മേൽവിലാസവും പൗരത്വവും തടവുകാരനെ ഏത് വകുപ്പുകൾ പ്രകാരമാണ് തടങ്കലിലാക്കിയിട്ടുള്ളത് ആ വകുപ്പുകളും വിവരിച്ചുകൊണ്ട് വിദേശ പൗരനെ പ്രിസണിൽ പ്രവേശിപ്പിച്ച വിവരം ഉടൻതന്നെ ഡയറക്ടർ ജനറലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതുസംബന്ധിച്ച് ഡയറക്ടർ ജനറൽ, കേരള സർക്കാരിനെ എഴുതി അറിയിക്കേണ്ടതാണ്. പ്രിസണിൽ നിന്നും പ്രസ്തുത തടവുകാരന്റെ മോചനവും സൂപ്രണ്ട്, ഡയറക്ടർ ജനറലിനെ അറിയിക്കേണ്ടതും അദ്ദേഹം അക്കാര്യം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(3) സാധുവായ യാത്രാരേഖകളില്ലാത്ത വിദേശ തടവുകാരെ, അവർ പ്രിസണിൽ നിന്നും മോചിതരാകുമ്പോഴും നാടുകടത്തലിന് ഉത്തരവാകുമ്പോഴും അധികാരിതയുള്ള പ്രദേശത്തെ പോലീസ്സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് കൈമാറേണ്ടതും അദ്ദേഹം തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം XII

## പ്രിസണിലെ സന്ദർശകർ

50. സന്ദർശകരുടെ പാനൽ.—(1) സർക്കാർ, വിജ്ഞാപനംവഴി ഓരോ പ്രിസണിലെയും ഔദ്യോഗികവും അനൗദ്യോഗികവുമായ സന്ദർശകരുടെ ഒരു പാനൽ വിനിർദ്ദേശിക്കേണ്ടതും പാനൽ, പ്രിസൺ സന്ദർശിക്കേണ്ട കാലയളവും അങ്ങനെയുള്ള സന്ദർശനത്തിന്റെ ആവൃത്തിയും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതുമാണ്.

(2) സന്ദർശകർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(3) ഓരോ സന്ദർശകനും, അയാൾ തന്റെ പ്രിസൺ സന്ദർശനം പൂർത്തിയാക്കിയശേഷം, സന്ദർശകർക്കുള്ള പുസ്തകത്തിൽ അയാളുടെ സന്ദർശന തീയതിയും സമയവും അയാൾ ഉന്നയിക്കുവാൻ ആഗ്രഹിക്കാവുന്ന അഭിപ്രായങ്ങളും അല്ലെങ്കിൽ നിർദ്ദേശങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. സന്ദർശകർക്കുള്ള പുസ്തകത്തിലെ ഉൾക്കുറിപ്പുകൾ

സന്ദർശകന്റെ സ്വന്തം കയ്യക്ഷരത്തിൽ രേഖപ്പെടുത്തേണ്ടതാണ്. സൂപ്രണ്ട്, സന്ദർശകൻ രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെ ഒരു പകർപ്പ് താൻ അതിൻമേൽ സ്വീകരിച്ച നടപടിയുടെ ഒരു റിപ്പോർട്ട് സഹിതം ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതും, അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## അദ്ധ്യായം XIII

## തടവുകാരുടെ തൊഴിൽ

51. സാമാന്യമായത്.—കഠിനതടവിന് ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള തടവുകാരുടെ മേൽ വിവിധ കോടതികളുടെ കുറ്റസ്ഥാപന ഉത്തരവുകൾ നടപ്പിലാക്കുന്നതിനുവേണ്ടി, അങ്ങനെയുള്ള കുറ്റസ്ഥാപനം നടത്തപ്പെട്ട തടവുകാരെ പാർപ്പിച്ചിട്ടുള്ള എല്ലാ പ്രിസണുകളിലും, തടവുകാർക്ക് തൊഴിൽ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം പ്രിസണുകളിൽ അങ്ങനെയുള്ള തടവുകാർക്ക് അർത്ഥവത്തായ ജോലി നൽകുന്നതിനുവേണ്ടി ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. തടവുകാർക്ക്, അവരുടെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്തുന്നതിനോ സ്വയംതൊഴിൽ ചെയ്യുന്നതിനോ സഹായകമാകുംവിധം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അപ്രകാരമുള്ള തൊഴിൽ പരിശീലനം നൽകേണ്ടതാണ്. അർഹതപ്പെട്ട സംഗതികളിൽ തൊഴിലിൽ ഏർപ്പെടുന്നതിനുവേണ്ടി പുരുഷവനിതാ തടവുകാർക്ക് ഉചിതവും പ്രത്യേകവുമായ പ്രവൃത്തികൾ നൽകേണ്ടതാണ്. വെറും തടവിന് ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളവർക്കും പുനരധിവാസത്തിന്റെ ആവശ്യകതകളെ ആശ്രയിച്ച്, കൂലി സമ്പാദിക്കുന്നതിന് സഹായകരമാകുംവിധത്തിൽ അവരുടെ അപേക്ഷയിൻമേൽ ജോലി നൽകേണ്ടതാണ്.

52. കഠിനതടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ക്രിമിനൽ തടവുകാർക്ക് തൊഴിൽ.—(1) കഠിനതടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ക്രിമിനൽ തടവുകാർക്ക് അവരുടെ അഭിരുചിയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകി ഉചിതമായ തൊഴിൽ സൗകര്യങ്ങൾ നൽകേണ്ടതാണ്.

(2) ഒരു അടിയന്തിരഘട്ടവും സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അനുമതിയോടുകൂടിയതും ഒഴികെ, തൊഴിൽ ചെയ്യാൻ ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ തന്റെ സ്വന്തം ഇഷ്ടപ്രകാരം തൊഴിലിൽ ഏർപ്പെട്ടിരിക്കുകയോ ആയ യാതൊരു ക്രിമിനൽ തടവുകാരനെയും, ഏതൊരു ദിവസവും എട്ടു മണിക്കൂറിൽ കൂടുതൽ തൊഴിലിന് നിയോഗിക്കുവാൻ പാടുള്ളതല്ല.

(3) തൊഴിലിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അവശരായ തടവുകാരെ സമയാസമയങ്ങളിൽ മെഡിക്കൽ ആഫീസർ പരിശോധിക്കേണ്ടതും തൊഴിലിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഓരോ തടവുകാരന്റെയും ഹിസ്റ്ററി ടിക്കറ്റിൽ ഓരോ രണ്ടാഴ്ചയിലൊരിക്കലെങ്കിലും അങ്ങനെയുള്ള തടവുകാരന്റെ അപ്പോഴുള്ള ശരീരഭാരം രേഖപ്പെടുത്തുവാൻ ഇടയാക്കേണ്ടതുമാണ്.

(4) ഏതെങ്കിലും തരത്തിലുള്ള തൊഴിലിൽ നിയോഗിച്ചിരിക്കുന്നതുകൊണ്ടോ ഏതെങ്കിലും വിഭാഗം തൊഴിൽമൂലമോ ഏതെങ്കിലും തടവുകാരന്റെ ആരോഗ്യത്തിന് ഹാനിയുണ്ടാകുന്നതായി മെഡിക്കൽ ഓഫീസർക്ക് അഭിപ്രായമുള്ളപ്പോൾ, അങ്ങനെയുള്ള

തടവുകാരനെ അത്തരം തൊഴിലിൽ നിയോഗിക്കുവാൻ പാടില്ലാത്തതും മെഡിക്കൽ ആഫീസർ പ്രസ്തുത തടവുകാരനെ അനുയോജ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള മറ്റു തരത്തിലോ വിഭാഗത്തിലോ ഉള്ള തൊഴിലിൽ നിയോഗിക്കേണ്ടതുമാണ്.

53. വെറും തടവിന് ശിക്ഷിക്കപ്പെട്ട ക്രിമിനൽ തടവുകാരുടെ തൊഴിൽ.—സൂപ്രണ്ട്, വെറും തടവിന് ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള എല്ലാ ക്രിമിനൽ തടവുകാർക്കും അവർ അങ്ങനെയുള്ള തൊഴിലിൽ നിയോഗിക്കപ്പെടുന്നതിന് സമ്മതം പ്രകടിപ്പിക്കുന്നപക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള തൊഴിൽ നൽകുന്നതിലേക്കായി വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

54. റിമാന്റ് ചെയ്യപ്പെട്ട തടവുകാരുടെയും വിചാരണ തടവുകാരുടെയും തൊഴിൽ.—സൂപ്രണ്ട്, എല്ലാ റിമാന്റ് ചെയ്യപ്പെട്ട തടവുകാർക്കും വിചാരണ തടവുകാർക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അങ്ങനെയുള്ള തൊഴിൽ അവർ അങ്ങനെ ആഗ്രഹിക്കുന്ന കാലത്തോളം നൽകുന്നതിനായി വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

55. സിവിൽ തടവുകാരുടെ തൊഴിൽ.—(1) സിവിൽ തടവുകാർക്ക്, സൂപ്രണ്ടിന്റെ അനുമതിയോടുകൂടിയും സൂപ്രണ്ട് ചുമത്താവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വിധേയമായും, തൊഴിൽ, അവർ അങ്ങനെ ആഗ്രഹിക്കുന്നപക്ഷം, നൽകാവുന്നതാണ്.

(2) പ്രിസണിന്റെ ചെലവിലല്ലാതെ സംരക്ഷിക്കപ്പെടുന്ന സിവിൽ തടവുകാരെ അവരുടെ മുഴുവൻ സമ്പാദ്യവും കൈപ്പറ്റുന്നതിന് അനുവദിക്കേണ്ടതാണ്. പ്രിസണിന്റെ ചെലവിൽ ആർജ്ജിക്കുന്ന സമ്പാദ്യം, ഏതെങ്കിലുമുണ്ടെങ്കിൽ, എങ്ങനെയായാലും, ആയത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കിഴിയ്ക്കലിന് വിധേയമാക്കേണ്ടതാണ്.

56. തൊഴിലിനുള്ള കൂലി.—വിവിധ വിഭാഗങ്ങളിലുള്ള പ്രിസണുകളിൽ വ്യത്യസ്ത തരത്തിലുള്ള തൊഴിലിന് നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ, അവിദഗ്ദ്ധ തടവുകാർക്ക് നൽകേണ്ടതായ കൂലിനിരക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്. തടവുകാർ ആർജ്ജിക്കുന്ന കൂലിയുടെ വിനിയോഗത്തിന്റെ രീതിയും അളവും സർക്കാർ നിർണ്ണയിക്കേണ്ടതാണ്.

## അദ്ധ്യായം XIV

## തടവുകാരുടെ ആരോഗ്യവും വ്യക്തിശുചിത്വവും

57. പ്രിസൺ മെഡിക്കൽ ആഫീസർ തടവുകാർക്ക് വൈദ്യ സഹായം നൽകണമെന്ന്.—(1) ഒരു പ്രിസണിലെ മെഡിക്കൽ ആഫീസർ രോഗികളായ തടവുകാർക്ക് ചികിത്സ നൽകേണ്ടതും തടവുകാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കേണ്ടതുമാണ്. പ്രിസണിലെ പൊതുവായ ആരോഗ്യ പരിപാലനവും ശുചീകരണ നടപടികളും തടവുകാരുടെ വ്യക്തിശുചിത്വവും ഉറപ്പു വരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(2) മെഡിക്കൽ ആഫീസർ, വിദഗ്ദ്ധ ചികിത്സ ആവശ്യമായിട്ടുള്ളവർക്ക്, അവരെ ഏറ്റവും അടുത്തുള്ള സർക്കാർ ആശുപത്രിയിലേക്ക് റഫർ ചെയ്തോ പ്രിസണിൽ വിദഗ്ദ്ധ സർക്കാർ ഡോക്ടർമാരുടെ സന്ദർശനം ഏർപ്പാട് ചെയ്തോ വിദഗ്ദ്ധ ചികിത്സ നൽകേണ്ടതാണ്.

58. രോഗികളായ തടവുകാർക്ക് വൈദ്യസഹായം.—(1) തടവുകാരുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ, യാതൊരു കാലവിളംബവും കൂടാതെ, വൈദ്യസഹായം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന തടവുകാരുടെ പേരുകൾ സൂപ്രണ്ടിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2) സൂപ്രണ്ട്, കാലവിളംബം കൂടാതെ, മെഡിക്കൽ ആഫീസറെയോ, മെഡിക്കൽ സബോർഡിനേറ്റിനെയോ കാണുവാൻ ആഗ്രഹിക്കുന്ന ഏതൊരു തടവുകാരനിലേക്കും, ഏതൊരു തടവുകാരന്റെ മാനസികാവസ്ഥയ്ക്കോ ശാരീരികാവസ്ഥയ്ക്കോ ശ്രദ്ധ ആവശ്യമുണ്ടെന്നു കാണുന്നുവോ അയാളിലേക്കും മെഡിക്കൽ ആഫീസറുടെയോ, മെഡിക്കൽ സബോർഡിനേറ്റിന്റെയോ ശ്രദ്ധ കൊണ്ടുവരേണ്ടതും അതിനുശേഷം ചിട്ടയുടെയോ ചികിത്സയുടെയോ പരിവർത്തനത്തിനെ സംബന്ധിച്ച് മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ നൽകുന്ന എല്ലാ രേഖാമൂലമുള്ള നിർദ്ദേശങ്ങളും നടപ്പിലാക്കേണ്ടതുമാണ്.

59. മെഡിക്കൽ ആഫീസറുടെ നിർദ്ദേശങ്ങളുടെ റിക്കാർഡ്.—മരുന്നുകളുടെ സംഭരണ ഉത്തരവുകളോ, മെഡിക്കൽ ആഫീസർ സ്വയമോ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലോ, പ്രഭാവത്തിൽ കൊണ്ടുവരേണ്ടതായ കാര്യങ്ങളെ സംബന്ധിച്ച നിർദ്ദേശത്തിന്റെയോ അപവാദത്തോടെ, ഏതൊരു തടവുകാരനെയും സംബന്ധിച്ച് മെഡിക്കൽ ആഫീസറോ മെഡിക്കൽ സബോർഡിനേറ്റോ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും തടവുകാരുടെ ഹിസ്റ്ററി ടിക്കറ്റിലോ സംസ്ഥാന സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു റിക്കാർഡിലോ ഓരോ ദിവസവും രേഖപ്പെടുത്തേണ്ടതും, സൂപ്രണ്ട് ഓരോ നിർദ്ദേശത്തെയും സംബന്ധിച്ച് അവ അനുസരിക്കുന്നുണ്ടോ ഇല്ലെന്നോ വിവരിക്കുന്ന ഒരു ഉൾക്കുറിപ്പ് സൂപ്രണ്ടിന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള അഭിപ്രായങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതും, ഉൾക്കുറിപ്പിന്റെ തീയതിയും സഹിതം ഉചിതമായ സ്ഥാനത്ത് രേഖപ്പെടുത്തുകയോ രേഖപ്പെടുത്തുവാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

60. പ്രിസൺ ആശുപത്രി.—ഓരോ സെൻട്രൽ പ്രിസണിലോ, തുറന്ന പ്രിസണിലോ രോഗികളായ തടവുകാരുടെ പ്രവേശിപ്പിക്കലിനും ചികിത്സയ്ക്കുമായി മെഡിക്കൽ ആഫീസറും പാരാ-മെഡിക്കൽ ജീവനക്കാരും ഭരണനിർവ്വഹണം നടത്തുന്ന ഒരു പ്രിസൺ ആശുപത്രി ഉണ്ടായിരിക്കേണ്ടതാണ്. ആശുപത്രിയിൽ കിടത്തി ചികിൽസയ്ക്കുള്ള സൗകര്യവും ക്ലിനിക്കൽ പരിശോധനകൾക്കുള്ള സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്.

61. തടവുകാരനെ പ്രത്യേക ചികിത്സയ്ക്കായി പുറത്തുള്ള ആശുപത്രിയിലോ മാനസികാരോഗ്യ കേന്ദ്രത്തിലോ അയയ്ക്കുവാനുള്ള സൂപ്രണ്ടിന്റെ അധികാരം.—മെഡിക്കൽ ആഫീസറുടെ ഉപദേശത്തിന്മേൽ, ഒരു തടവുകാരന് പ്രിസണിനു പുറത്തുള്ള സർക്കാർ ആശുപത്രിയിലെയോ, ഒരു മാനസികാരോഗ്യ കേന്ദ്രത്തിലെയോ പ്രത്യേക ചികിത്സ ആവശ്യമാണെന്ന് സൂപ്രണ്ടിന് അഭിപ്രായമുള്ളപക്ഷം, അദ്ദേഹത്തിന് മെഡിക്കൽ ആഫീസർ റഫർ ചെയ്യുന്ന അങ്ങനെയുള്ള സർക്കാർ ആശുപത്രിയിലേക്കോ മാനസികാരോഗ്യ കേന്ദ്രത്തിലേക്കോ അയാളെ അയയ്ക്കാവുന്നതാണ്.

## അദ്ധ്യായം XV

## തടവുകാർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികൾ

62. വിദ്യാഭ്യാസ സൗകര്യങ്ങൾ.—നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള എല്ലാ പ്രിസണുകളിലും അർഹതയുള്ള തടവുകാർക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള മതിയായ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. സമൂഹത്തിൽ തടവുകാരുടെ ഉത്തമ പുനരധിവാസമെന്ന ലക്ഷ്യത്തോടെ അവരുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യവും നൽകേണ്ടതാണ്. പ്രിസണുകളിലെ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ,—

(1) നിരക്ഷരരായ അന്തേവാസികൾക്ക് വായനയിലും എഴുത്തിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ അറിവിലും കുറഞ്ഞത് ഒരു നിശ്ചിതതലം വരെയെങ്കിലുമുള്ള വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരങ്ങൾ നൽകുക ;

(2) സാക്ഷരരായ അന്തേവാസികൾക്ക് മെട്രിക്യുലേഷൻ തലംവരെയുള്ള വിദ്യാഭ്യാസ നിലവാരം നേടുന്നതിന് പ്രാപ്തരാക്കുക ;

(3) മെട്രിക്യുലെയ്റ്റുകൾക്ക് വിദൂര പഠനപദ്ധതി വഴി അവരുടെ വിദ്യാഭ്യാസം പോഷിപ്പിക്കുന്നതിനായുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക ;

(4) ആരോഗ്യവും ശുചിത്വവും, ശാരീരിക വ്യായാമങ്ങൾ, യോഗ എന്നിവയിലുള്ള പ്രഭാഷണത്തിലൂടെയും അവയുടെ പരിശീലനത്തിലൂടെയും മെച്ചപ്പെട്ട ശാരീരികവും മാനസികവുമായ ആരോഗ്യം പ്രാപ്തമാക്കുക ;

(5) അദ്ധ്യയനം, ധ്യാനം, സമൂഹ പ്രാർത്ഥന, സദാചാര-സന്മാർഗ്ഗിക മൂല്യങ്ങളുള്ള പുസ്തക വായന എന്നിവയിലൂടെ സാന്മാർഗ്ഗികവും ആത്മീയവുമായ അറിവുകൾ പകർന്നുകൊടുക്കുക,

ഇവയാണ്.

63. പ്രിസൺ സ്കൂൾ.—അന്തേവാസികൾക്ക് പ്രൈമറിതലം വരെയുള്ള വിദ്യാഭ്യാസം നൽകുന്നതിലേക്കായി ഓരോ സെൻട്രൽ പ്രിസണിലും സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റു പ്രിസണുകളിലും ഒരു സ്കൂൾ ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യകതകളെ ആശ്രയിച്ച് ഉന്നതതലങ്ങൾക്കായുള്ള ക്ലാസ്സുകൾക്കും ക്രമീകരണം ചെയ്യേണ്ടതാണ്.

64. നഴ്സറി സ്കൂളും ക്രെഷും.—എല്ലാ വനിതാ പ്രിസണുകളിലും ആറു വയസുവരെ പ്രായമുള്ള കുട്ടികളോടൊത്ത് പ്രിസണിൽ പാർക്കുന്ന കുറ്റസ്ഥാപനം നടത്തപ്പെട്ട വനിതാ തടവുകാരുടെ കുട്ടികൾക്കുവേണ്ടി ഒരു നഴ്സറി സ്കൂളും ക്രെഷ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്.

65. പ്രിസൺ ഗ്രന്ഥശാല.—അന്തേവാസികളുടെ ബൗദ്ധികാവശ്യങ്ങൾ നിറവേറ്റുന്നതിനും അവരുടെ സ്വഭാവദൂഷ്യങ്ങൾ നീക്കംചെയ്യുന്നത് സൗകര്യപ്രദമാക്കുന്നതിലേക്കുമായി എല്ലാ സെൻട്രൽ പ്രിസണിലും, തുറന്ന പ്രിസണിലും, വനിതാ പ്രിസണിലും ഒരു ഗ്രന്ഥശാല ഉണ്ടായിരിക്കേണ്ടതാണ്.

66. മതപരവും സാൻമാർഗ്ഗികവുമായ ബോധനം.—അന്തേവാസികൾക്ക് മതപരവും സാൻമാർഗ്ഗികവുമായ വിവരങ്ങൾ പകർന്നു കൊടുക്കുന്നതിനുവേണ്ടി എല്ലാ മതത്തിലും

നിന്നുള്ള വിശ്വാസയോഗ്യരും പ്രശസ്തരുമായ സവിശേഷ വ്യക്തികൾ മുഖേന തടവുകാർക്ക് മതപരവും സാൻമാർഗ്ഗികവുമായ ബോധനം നൽകേണ്ടതാണ്. ഇതിലേക്കായി ഡയറക്ടർ ജനറൽ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളെയും സവിശേഷ വ്യക്തികളെയും തടവുകാർക്ക് മതപരവും സാൻമാർഗ്ഗികവുമായ ബോധനം നൽകുന്നതിനായി അനുവദിക്കേണ്ടതാണ്. പ്രിസണുകളിൽ മതപരവും, ആദ്ധ്യാത്മികവും, സാംസ്ക്കാരികവും, വിനോദപരവും ആയ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിശ്വസനീയമായ സന്നദ്ധ സംഘടനകളുടെയും സർക്കാർ ഇതര സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അങ്ങനെയുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നത് വെൽഫയർ ആഫീസറുടെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

67. സ്വഭാവദൂഷ്യങ്ങൾ നീക്കലും വിട്ടയയ്ക്കുന്നതിനു മുൻപായുള്ള പരിപാടികളും.—(1) തടവുകാരുടെ സ്വഭാവദൂഷ്യങ്ങൾ നീക്കംചെയ്യുന്നതിനുവേണ്ടിയുള്ള പരിപാടികൾ സർക്കാരും ഡയറക്ടർ ജനറലും ഏറ്റെടുക്കേണ്ടതും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

(2) മൂന്നു വർഷത്തിൽ കൂടുതൽ തടവിനു ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരുടെ ഗുണത്തിനുവേണ്ടി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, സമൂഹത്തിൽ അവരുടെ ഉത്തമ പുനരധിവാസം ലക്ഷ്യമാക്കി, അനുയോജ്യമായ മോചനപൂർവ്വ പരിപാടികൾ സർക്കാർ നിർദ്ദേശിക്കുന്ന, പ്രിസണുകളിൽ ഡയറക്ടർ ജനറൽ ഏർപ്പെടുത്തേണ്ടതാണ്.

68. വിനോദങ്ങളും കായികപ്രവർത്തനങ്ങളും.—(1) പ്രിസണുകളിൽ അന്തേവാസികളുടെ ഗുണത്തിനുവേണ്ടി ക്രമമായ വിനോദ കായികപ്രവർത്തനങ്ങൾ സൂപ്രണ്ട് കീഴ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ, സംഘടിപ്പിക്കേണ്ടതാണ്.

69. പ്രിസൺ വിട്ടതിനുശേഷമുള്ള പരിചരണവും പുനരധിവാസവും.—(1) തടവുകാരെ പ്രിസണിൽ നിന്നും മോചിപ്പിക്കുന്നതിനു മുമ്പായി അവരുടെ ധനപരവും സാമൂഹികവുമായ പുനരധിവാസത്തിനു വേണ്ടിയുള്ള സഹായം സർക്കാർ നൽകേണ്ടതാണ്.

(2) അങ്ങനെയുള്ള സഹായത്തിനുള്ള മാനദണ്ഡങ്ങളും, പണം നൽകുന്നതിന്റെ രീതിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

70. തടവുകാർക്കുള്ള ക്ഷേമനിധി.—(1) സർക്കാർ, വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി ഒരു നിധി സ്ഥാപിക്കുന്നതിനായി "കേരള തടവുകാർക്കുള്ള ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും ഈ പദ്ധതിയുടെ ആവിഷ്കരണത്തിനുശേഷം, കഴിയുന്നത്ര വേഗത്തിൽ "കേരള തടവുകാരുടെ ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ പദ്ധതിയിലെയും വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കേണ്ടതുമാണ്.

(2) നിധിയുടെ നടത്തിപ്പും അതിന്റെ ഭരണനിർവ്വഹണവും പദ്ധതിപ്രകാരം രൂപീകരിക്കപ്പെടുന്ന ഒരു സമിതിയിൽ നിക്ഷിപ്തമായിരിക്കേണ്ടതാണ്.

(3) ഗ്രാന്റുകളായോ ലോണുകളായോ സർക്കാർ നൽകുന്ന തുക പ്രാരംഭ കോർപ്പസ് ആക്കിക്കൊണ്ട് നിധി സ്ഥാപിക്കേണ്ടതും വരുംവർഷങ്ങളിൽ ലഭിക്കുന്ന വാർഷിക അംശദായങ്ങൾ തടവുകാർക്കും അവരുടെ കുടുംബത്തിനും ആനുകൂല്യങ്ങൾ നൽകുന്നതിനും തടവുകാരുടെ പുനരധിവാസത്തിനുവേണ്ടിയും ഉപയോഗിക്കേണ്ടതാണ്.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കുന്നപ്രകാരം വ്യക്തികൾ, സംഘടനകൾ, ട്രസ്റ്റുകൾ എന്നിവയിൽ നിന്നുള്ള സംഭാവനകൾ.

(5) പ്രിസണിൽ തൊഴിലോ ജോലിയോ ചെയ്തതിന് തടവുകാർക്ക് ലഭിക്കുന്ന വേതനത്തിന്റെ ഒരു ഭാഗം തടവുകാരും അംശദായമായി നൽകേണ്ടതാണ്.

71. പദ്ധതിയുടെ രൂപഭേദപ്പെടുത്തൽ.—(1) സർക്കാരിന്, വിജ്ഞാപനം വഴി, മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) 70-ഉം 71-ഉം വകുപ്പുകളിലെ (1)-ാം ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, നിയമസഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പദ്ധതിയിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുന്നപക്ഷം, ആ പദ്ധതിക്ക് അതിനു ശേഷം അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാകുന്നു ; എന്നിരുന്നാലും അപ്രകാരമുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തൽ ആ പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## അദ്ധ്യായം XVI

## ഇളവുചെയ്യലും പരോളും അവധി കഴിഞ്ഞുള്ള താമസിക്കലും കാലാവധി തികയുന്നതിനുമുമ്പുള്ള മോചനവും

72. തടവുകാർക്കുള്ള ഇളവുചെയ്യൽ.—(1) ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇളവ് അനുവദിക്കാവുന്നതാണ്. സെൻട്രൽ പ്രിസണിലേയും തുറന്ന പ്രിസണിലേയും വനിതാ പ്രിസണിലേയും ശിക്ഷിക്കപ്പെട്ട തടവുകാരുടെ ഇളവുചെയ്യൽ കണക്കാക്കുന്നതിന്റെയും കണക്കുകൂട്ടുന്നതിന്റെയും മേൽനോട്ടം വഹിക്കുന്നതിന്, സൂപ്രണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു ഇളവുചെയ്യൽ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇളവുചെയ്യലിന്റെ ഇനവും ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം ആയിരിക്കേണ്ടതാണ്.

73. പരോളിൽ വിട്ടയയ്ക്കൽ.—സംസ്ഥാന സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന് ഉചിതമെന്നുതോന്നുന്ന അങ്ങനെയുള്ള

കാലാവധിയിലേക്ക്, ഏതൊരു ശിക്ഷിക്കപ്പെട്ട തടവുകാരനെയും, എന്തെങ്കിലും ഗുരുത രമായ അസുഖമോ തടവുകാരന്റെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ അടുത്ത ബന്ധുവിന്റെയോ മരണമോ മറ്റ് എന്തെങ്കിലും മതിയായ കാരണമോ ഉള്ള സംഗതിയിൽ പരോളിൽ വിട്ടയയ്ക്കാവുന്നതാണ്.

74. പരോളിന്റെ കാലാവധി കഴിഞ്ഞ് തടവുകാരൻ സ്വയം ഹാജരാകണമെന്ന്.—(1) 73-ാം വകുപ്പുപ്രകാരം പരോളിൽ വിട്ടയച്ച ഒരു തടവുകാരനെ ഏത് കാലാവധിക്കാണോ അയാളെ പരോളിൽ വിട്ടയച്ചത് ആ കാലാവധി തീരുന്ന മുറയ്ക്ക്, അയാളെ ഏത് പ്രിസണിൽ നിന്നാണോ വിട്ടയച്ചത് ആ പ്രിസണിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ മുമ്പാകെ അയാൾ സ്വയം കീഴടങ്ങേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ ആവശ്യപ്പെടുന്നപ്രകാരം ഒരു തടവുകാരൻ സ്വയം കീഴടങ്ങാതിരുന്നാൽ, അയാളെ വാറണ്ടില്ലാതെ ഏതൊരു പോലീസ് ഉദ്യോഗസ്ഥനും അറസ്റ്റ് ചെയ്യാവുന്നതും ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും, അദ്ദേഹം അയാളെ ശിക്ഷയുടെ ബാക്കി ഭാഗം അനുഭവിക്കുന്നതിന് കമ്മിറ്റ് ചെയ്യേണ്ടതുമാണ്.

75. കീഴടങ്ങുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ.—(1) 74-ാം വകുപ്പ് 1-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നപ്രകാരം സ്വയം കീഴടങ്ങാതിരിക്കുന്ന ഏതൊരു തടവുകാരനും രണ്ടുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തടവ്, തടവുകാരൻ ഏത് കുറ്റത്തിനോ കുറ്റങ്ങൾക്കോ വേണ്ടി നൽകിയിട്ടുള്ള ശിക്ഷയാണ് അയാൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്, അതിനുപുറമേ ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ശിക്ഷ ചുമത്തുമ്പോൾ, തടവുകാരന്റെ നിയന്ത്രണത്തിന് അതീതമായ ഏതെങ്കിലും ലഘൂകരിക്കാവുന്ന സാഹചര്യങ്ങൾ കോടതി കണക്കിലെടുക്കേണ്ടതാണ്.

76. ഉത്തരവും പരോളും റദ്ദാക്കൽ.—മതിയായ കാരണം കൂടാതെ, ഏതെങ്കിലും തടവുകാരൻ, ഏത് ഉപാധികളിന്മേലാണോ അയാളെ പരോളിൽ അയച്ചത് അതിൽ ഏതെങ്കിലും ഉപാധി പാലിക്കാതെയിരുന്നാൽ, സർക്കാരിനോ ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ, അതതുസംഗതിപോലെ, അയാൾക്ക് പരോൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് റദ്ദാക്കാവുന്നതാണ്.

77. കാലാവധി തികയുന്നതിനുമുമ്പുള്ള മോചനം.—(1) നന്നായി പെരുമാറുന്ന, ദീർഘകാലത്തേക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള തടവുകാരെ, അവരുടെ സ്വഭാവദൂഷ്യങ്ങൾ നീക്കംചെയ്യലും പുനരധിവാസവും ലക്ഷ്യമാക്കി കാലാവധി തികയുന്നതിനുമുമ്പ്, സർക്കാരിന് സ്വമേധയായോ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു ഉപദേശക സമിതിയുടെ ശുപാർശകളിന്മേലോ മോചിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഉപദേശകസമിതിക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം XVII

## അവധിയും അകമ്പടി സന്ദർശനവും

78. അവധി.—(1) നന്നായി പെരുമാറുന്നവരും അർഹരുമായ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവരുടെ ഉത്തമ പുനരധിവാസവും പുനഃസാമൂഹിക സംസർഗ്ഗവും ലക്ഷ്യമാക്കി നല്ല പെരുമാറ്റത്തിനും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ നടപടികളോടുള്ള പ്രതികരണത്തിനുമുള്ള പ്രോത്സാഹനമെന്ന നിലയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും വിധേയമായി അവധി അനുവദിക്കാവുന്നതാണ്.

(2) തടവുകാർക്ക് നൽകിയിട്ടുള്ള എല്ലാ തരങ്ങളിലുമുള്ള പരോളും ഇളവു ചെയ്യലും അവധിയും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്നിൽ കവിയാൻ പാടുള്ളതല്ല.

(3) അവധിയുടെ തരവും അതുമായി ബന്ധപ്പെട്ട സംഗതികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

79. അകമ്പടി സന്ദർശനം.—ആവശ്യമായ തരത്തിലുള്ള അവധിക്ക് അർഹതയില്ലാത്ത തടവുകാർക്ക് യാത്രാസമയം ഒഴിവാക്കി ഏറ്റവും കൂടിയത് ഇരുപത്തിനാല് മണിക്കൂർ സമയത്തേക്ക് അകമ്പടിയോടുകൂടി, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ ബന്ധുക്കൾ മുതലായവരെ സന്ദർശിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. തടവുകാരന് രാത്രിയിൽ വഴിമദ്ധ്യേ തങ്ങേണ്ടതായ സന്ദർഭത്തിൽ, ജയിൽ ഉള്ളിടത്ത് അയാളെ അവിടെ തടവിലിടേണ്ടതും ജയിൽ ഇല്ലാത്ത സ്ഥലങ്ങളിൽ അടുത്തുള്ള പോലീസ് ലോക്കപ്പിലും പാർപ്പിക്കേണ്ടതാണ്.

അദ്ധ്യായം XVIII

## പരാതി പരിഹാര സംവിധാനം

80. തടവുകാരുടെ പരാതികൾ പരിഹരിക്കൽ.—(1) തടവുകാരിൽ നിന്ന് പരാതികളോ നിവേദനങ്ങളോ സ്വീകരിക്കുന്ന ആവശ്യത്തിലേക്കായി ഒരു പരാതി പരിഹാര സമിതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരം, സർക്കാർ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം പ്രിസണുകളിൽ രൂപീകരിക്കേണ്ടതാണ്.

(2) പരാതി പരിഹാര സമിതി മൂന്നു മാസത്തിൽ ഒരിക്കലോ ആവശ്യമെങ്കിൽ അതിൽ കൂടുതലോ പ്രാവശ്യം യോഗം ചേരേണ്ടതും ലഭിച്ചിട്ടുള്ള പരാതികളും നിവേദനങ്ങളും പരിശോധിക്കുന്നതിലേക്കായി, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള നടപടിക്രമങ്ങൾ അത് അനുവർത്തിക്കേണ്ടതുമാണ്.

(3) പരാതികളിന്മേലുള്ള പരാതി പരിഹാരസമിതിയുടെ തീരുമാനം യോഗം ചേർന്ന തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ തുടർനടപടികൾ, എന്തെങ്കിലുമുണ്ടെങ്കിൽ, ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്.

(4) ഓരോ തടവുകാരനും പരാതി എഴുതി അയയ്ക്കുന്നതിനുള്ള പൂർണ്ണ അവസരം നൽകേണ്ടതും അങ്ങനെയുള്ള ഹർജികളും പരാതികളും പരാതി പരിഹാര സമിതി മുഖേന പരിഹരിക്കപ്പെടേണ്ടതുമാണ്.

## അദ്ധ്യായം XIX

## പ്രിസൺ കുറ്റങ്ങളും ശിക്ഷകളും

81. തടവുകാർ ചെയ്യുന്ന കുറ്റങ്ങൾ.—ഒരു തടവുകാരൻ ചെയ്യുമ്പോൾ ഇനിപ്പറയുന്ന പ്രവൃത്തികൾ പ്രിസൺ കുറ്റങ്ങളാകും എന്ന് പ്രഖ്യാപിക്കുന്നു, അതായത്:—

(1) പ്രിസൺ കുറ്റങ്ങളാകും എന്നുതന്നെ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രിസണിലെ ഏതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ മനഃപൂർവ്വം അനുസരിക്കാതിരിക്കൽ ; അല്ലെങ്കിൽ

(2) വെറുതെ കറങ്ങി നടക്കുകയോ, മടിച്ചുനിന്നു കാലവിളംബം വരുത്തുകയോ, പ്രിസണിലെ ഒരു ഉദ്യോഗസ്ഥന്റെ അനുവാദം കൂടാതെ, ഏതു കൂട്ടത്തിലാണ് ചേർത്തിട്ടുള്ളത് ആ കൂട്ടത്തിന്റെയോ അല്ലെങ്കിൽ ജയിലിലെ ഏത് ഭാഗത്താണോ തടവിലിട്ടിരിക്കുന്നത് ആ ഭാഗത്ത് നിന്നോ, അയാൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള വാർഡിൽ നിന്നോ, യാർഡിൽ നിന്നോ, ഫയലിൽ പറയുന്ന സ്ഥലത്തു നിന്നോ, ഇരിപ്പിടത്തിൽ നിന്നോ, കിടക്കയിൽ നിന്നോ പോകുന്നത് ; അല്ലെങ്കിൽ

(3) അയാൾക്ക് നൽകിയ വസ്ത്രം ഉപേക്ഷിക്കുകയോ ധരിക്കാൻ വിസ്സമ്മതിക്കുകയോ, അതിന്റെ ഏതെങ്കിലും ഭാഗം മറ്റൊരു തടവുകാരന്റെ വസ്ത്രത്തിനുവേണ്ടി കൈമാറ്റം ചെയ്യുകയോ, അതിന്റെ ഏതെങ്കിലും ഭാഗം അഴിച്ചുകളയുകയോ, ഉപേക്ഷിക്കുകയോ, കേടുവരുത്തുകയോ, മാറ്റം വരുത്തുകയോ ; അല്ലെങ്കിൽ

(4) വസ്ത്രത്തിലോ ശരീരത്തിലോ ചേർത്തിട്ടുള്ളതോ ധരിപ്പിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും തിരിച്ചറിയൽ നമ്പരോ അടയാളമോ ബാഡ്ജോ നീക്കം ചെയ്യുകയോ മായ്ച്ചു കളയുകയോ മാറ്റം വരുത്തുകയോ ; അല്ലെങ്കിൽ

(5) വസ്ത്രങ്ങൾ, പുതപ്പുകൾ, കിടക്കവിരി, കപ്പുകൾ, മഗ്ഗുകൾ മുതലായവ വൃത്തിയായി സൂക്ഷിക്കുന്നതിന് വിസമ്മതിക്കുകയോ നിരസിക്കുകയോ അല്ലെങ്കിൽ അത്തരം വസ്തുക്കളുടെ ക്രമീകരണമോ വിന്യാസമോ സംബന്ധിച്ചുള്ള പ്രിസൺ ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ഉത്തരവ് അനുസരിക്കാതിരിക്കുകയോ ; അല്ലെങ്കിൽ

(6) ഒരു പ്രിസൺ ഉദ്യോഗസ്ഥൻ പാടില്ല എന്നുത്തരവിട്ടതിനുശേഷം ഏതെങ്കിലും സമയത്ത് ഉച്ചത്തിൽ സംസാരിക്കുകയോ ചിരിക്കുകയോ പാടുകയോ ; അല്ലെങ്കിൽ

(7) മറ്റ് ഏതെങ്കിലും തടവുകാരുമായി വഴക്ക് കൂടുകയോ ; അല്ലെങ്കിൽ

(8) പ്രിസണിലെ താഴുകൾ, വിളക്കുകൾ അല്ലെങ്കിൽ വെളിച്ചം അല്ലെങ്കിൽ പ്രിസണിലെ മറ്റ് വസ്തുക്കൾ എന്നിവയ്ക്ക് ഏതെങ്കിലും വിധത്തിൽ കേടുവരുത്തുകയോ ; അല്ലെങ്കിൽ

(9) പ്രിസൺ കെട്ടിടത്തിന്റെ തറയിലോ, വാതിലിലോ, ഭിത്തിയിലോ, അല്ലെങ്കിൽ മറ്റു ഭാഗത്തോ, പ്രിസണിലെ ഏതെങ്കിലും വസ്തുവിലോ തുപ്പുകയോ മറ്റു വിധത്തിൽ മലിനപ്പെടുത്തുകയോ ; അല്ലെങ്കിൽ

(10) പ്രിസണിന്റെ ഏതെങ്കിലും ഭാഗത്ത് ശല്യം ഉണ്ടാക്കുകയോ ; അല്ലെങ്കിൽ

(11) മറ്റ് ഏതെങ്കിലും തടവുകാരനെയോ ഒരു പ്രിസൺ ഉദ്യോഗസ്ഥനെയോ കൈയേറ്റം ചെയ്യുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ; അല്ലെങ്കിൽ

(12) മറ്റ് ഏതെങ്കിലും തടവുകാരനെയോ, ഒരു പ്രിസൺ ഉദ്യോഗസ്ഥനെയോ കരുതിക്കൂട്ടിയോ, തുടരെതുടരെയോ അപമാനകരമായതോ സഭ്യമല്ലാത്തതോ ആയ വാക്കുകൾ ഉപയോഗിക്കുകയോ ; അല്ലെങ്കിൽ

(13) സാധാരണബുദ്ധിക്കും അന്തസിനും നിരക്കാത്ത ഏതെങ്കിലും സ്വഭാവമോ മനഃപൂർവ്വവും ക്രമരഹിതവുമായ പെരുമാറ്റം കാണിക്കുകയോ ; അല്ലെങ്കിൽ

(14) ജോലിയിൽ നിന്ന് രക്ഷപ്പെടാനായി മനഃപൂർവ്വം സ്വയം പരിക്കേൽപ്പിക്കുകയോ അപ്രാപ്തനാകുകയോ അല്ലെങ്കിൽ അങ്ങനെ നടിക്കുകയോ ; അല്ലെങ്കിൽ

(15) യുക്തമായ കാരണങ്ങളില്ലാതെ ജോലി ചെയ്യാൻ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(16) ഒരു പ്രിസൺ ഉദ്യോഗസ്ഥന്റെ അറിവോ അനുവാദമോ ഇല്ലാതെ ഏതെങ്കിലും വസ്തു നിർമ്മിക്കുകയോ ഉണ്ടാക്കുകയോ ; അല്ലെങ്കിൽ

(17) മനഃപൂർവ്വം അലക്ഷ്യമായി തന്റെ ജോലി ചെയ്യുകയോ, അന്യായമാർഗ്ഗങ്ങളിലൂടെ തന്റെ അദ്ധ്വാനഫലമായ ഉൽപന്നത്തിന് നഷ്ടം ഉണ്ടാക്കുകയോ അപചയം വരുത്തുകയോ, നിയമപരമായ കാരണങ്ങളില്ലാതെ ഏതെങ്കിലും തൊഴിലുപകരണത്തിന് കേടു വരുത്തുകയോ ; അല്ലെങ്കിൽ

(18) മനഃപൂർവ്വം കള്ള ദീനം നടിച്ചുകിടക്കുകയോ ; അല്ലെങ്കിൽ

(19) മനഃപൂർവ്വം നിഷ്ക്രിയനായിരിക്കുകയോ ജോലിയിൽ അലക്ഷ്യത കാണിക്കുകയോ ; അല്ലെങ്കിൽ

(20) പ്രിസണുമായി ബന്ധപ്പെട്ട ഏതെങ്കിലും ഹിസ്റ്ററി ടിക്കറ്റോ, റിക്കാർഡോ രേഖയോ കേടുവരുത്തുകയോ മായ്ച്ചുകളയുകയോ ; അല്ലെങ്കിൽ

(21) ഏതെങ്കിലും നിരോധിത വസ്തു സ്വീകരിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ ജയിലിന് പുറത്തേക്ക് അയയ്ക്കുന്നതിനായി ഏതെങ്കിലും നിരോധിത വസ്തു കൈമാറ്റം ചെയ്യുകയോ കൈമാറ്റം ചെയ്യാൻ ശ്രമിക്കുകയോ ; അല്ലെങ്കിൽ

(22) കുറ്റകൃത്യങ്ങളിൽ ആയുധമായി ഉപയോഗിക്കാൻ കഴിയുന്ന കത്തികൾ, റേസർ ബ്ലേഡുകൾ, കത്രികകൾ, ആണികൾ, ഹാക്ക്സാ ബ്ലേഡുകൾ മുതലായവ കൈവശം വയ്ക്കുകയോ ; അല്ലെങ്കിൽ

(23) അനധികൃത ഭക്ഷണസാധനങ്ങൾ, പാചകപ്പാത്രങ്ങൾ, എണ്ണകൾ, വിളക്കുതിരികൾ തുടങ്ങിയവ കൈവശം വയ്ക്കുകയോ ; അല്ലെങ്കിൽ

(24) മറ്റ് തടവുകാരുടെ മനസ്സിൽ അനാവശ്യമായി ആപത്ഭയം ജനിപ്പിക്കാൻ സാധ്യതയുള്ള ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുകയോ ; അല്ലെങ്കിൽ

(25) മനഃപൂർവ്വമോ അലക്ഷ്യമായോ ഭക്ഷണസാധനം നശിപ്പിക്കുകയോ ഉപയോഗശൂന്യമാക്കുകയോ ; അല്ലെങ്കിൽ

(26) മനുഷ്യവാസത്തിനും ഉപയോഗത്തിനുമുള്ള ഏതെങ്കിലും സ്ഥലമോ വസ്തുവോ വൃത്തികേടാക്കുകയോ മലിനപ്പെടുത്തുകയോ ; അല്ലെങ്കിൽ

(27) പ്രാധികാരം ചെയ്ത ആളുകൾക്കൊഴികെ ഏതെങ്കിലും ആളിന് എഴുതിയോ, വാക്കാലോ, അടയാളങ്ങളാലോ, മൊബൈൽ ഫോൺ വഴിയോ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയോ ഏതെങ്കിലും സന്ദേശങ്ങൾ അയയ്ക്കുകയോ ; അല്ലെങ്കിൽ

(28) മറ്റൊരു തടവുകാരന് വിഭജിച്ച് നൽകിയിട്ടുള്ള ജോലിയുടെ ഏതെങ്കിലും ഭാഗം ചെയ്യുകയോ അല്ലെങ്കിൽ ജോലി ചെയ്യുന്നതിൽ മറ്റൊരു തടവുകാരന്റെ അനധികൃത സഹായം തേടുകയോ ; അല്ലെങ്കിൽ

(29) അക്രമമോ, കൈയേറ്റമോ, ലഹളയോ, വിപ്ലവമോ, ആക്രമണമോ, ഘോരമായ വ്യക്തിപര ആക്രമണമോ മറ്റ് അടിയന്തിര സന്ദർഭങ്ങളിലോ പ്രിസൺ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അവരെ സഹായിക്കുന്നതിൽനിന്നും മറ്റ് ആളുകളെ തടയുകയോ ; അല്ലെങ്കിൽ

(30) ഏതെങ്കിലും ഉദ്യോഗസ്ഥനോ  തടവുകാരനോ എതിരെ മനഃപൂർവ്വം വ്യാജമായ കുറ്റാരോപണം കൊണ്ടുവരികയോ ; അല്ലെങ്കിൽ

(31) ഉപവാസംപോലുള്ള മതപരമായ ആചാരങ്ങളിലൊഴികെ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(32) ഏതെങ്കിലും ചട്ടം, നിർദ്ദേശങ്ങൾ മുതലായവയ്ക്കെതിരെ പ്രതിഷേധിച്ച് നിരാഹാരസമരം നടത്തുകയോ ; അല്ലെങ്കിൽ

(33) മറ്റുള്ളവരുടെ മതവികാരങ്ങളെയോ, വിശ്വാസങ്ങളെയോ, അനുഷ്ഠാനങ്ങളെയോ മനഃപൂർവ്വം വ്രണപ്പെടുത്തുകയോ അല്ലെങ്കിൽ ഒരു തടവുകാരനെ വ്യത്യസ്ത മതവിശ്വാസത്തിലേക്ക് മതം മാറ്റുകയോ മാറ്റാൻ ശ്രമിക്കുകയോ ; അല്ലെങ്കിൽ

(34) പ്രിസണിന് അല്ലെങ്കിൽ തടവുകാരന് എന്തെങ്കിലും അപായം സംഭവിക്കുമെന്നതിനെക്കുറിച്ചോ സാദ്ധ്യതയെ കുറിച്ചുള്ളതോ ആയ എന്തെങ്കിലും വിവരം മനഃപൂർവ്വം നൽകാതിരിക്കുകയോ പ്രിസണിൽനിന്നും രക്ഷപ്പെടുവാനുള്ള എന്തെങ്കിലും ഗൂഢാലോചനയേയോ അതിനുവേണ്ടിയുള്ള തയ്യാറെടുപ്പിനേയോ, മറ്റേതെങ്കിലും തടവുകാരനേയോ പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥനേയോ, ആക്രമണത്തിനേയോ ആക്രമിക്കുന്നതിനുള്ള തയ്യാറെടുപ്പിനെക്കുറിച്ചോ അയാളുടെ അറിവിൽപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരം നൽകാൻ വിസമ്മതിക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ; അല്ലെങ്കിൽ

(35) പ്രിസണിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയോ മറ്റേതെങ്കിലും തടവുകാരനുമായിച്ചേർന്ന് രക്ഷപ്പെടാൻ ഗൂഢാലോചന നടത്തുകയോ, മറ്റേതെങ്കിലും തടവുകാരനെ രക്ഷപ്പെടാൻ സഹായിക്കുകയോ, മേൽപ്പറഞ്ഞ ഏതെങ്കിലും പ്രവൃത്തികൾക്ക്  പ്രേരിപ്പിക്കുകയോ ; അല്ലെങ്കിൽ

(36) ഏതെങ്കിലും ലഹളയിലോ വിപ്ലവത്തിലോ പങ്കെടുക്കുകയോ, മറ്റൊരു തടവുകാരനെയോ തടവുകാരെയോ ലഹളയോ, വിപ്ലവമോ നടത്താൻ പ്രേരിപ്പിക്കുകയോ ; അല്ലെങ്കിൽ

(37) ഏതെങ്കിലും പ്രിസൺ സ്വത്തുക്കളോ തടവുകാരുടെ വസ്തുക്കളോ സ്വത്തുക്കളോ മോഷ്ടിക്കുകയോ കേടുവരുത്തുകയോ, നശിപ്പിക്കുകയോ, വികൃതമാക്കുകയോ, അപഹരിക്കുകയോ ; അല്ലെങ്കിൽ

(38) പ്രിസണിനുള്ളിലെ സെല്ലിനുള്ളിലോ, ബാരക്കിലോ ഏതെങ്കിലും സ്ഥലത്തോ അനധികൃതമായി ഭക്ഷണം പാചകം ചെയ്യുകയോ ; അല്ലെങ്കിൽ

(39) ചൂതുകളി, വാതുവെയ്പ്, മദ്യത്തിന്റെ ഉപഭോഗം തുടങ്ങിയവ പോലുള്ള അനധികൃത പ്രവൃത്തികളിൽ പങ്കെടുക്കുകയോ, സംഘടിപ്പിക്കുകയോ ; അല്ലെങ്കിൽ

(40) നിർണ്ണയിക്കാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും അനധികൃതമോ നിയമ വിരുദ്ധമോ, നിയമാനുസൃതമല്ലാത്തതോ ആയ പ്രവൃത്തികൾ ചെയ്യുകയോ ; അല്ലെങ്കിൽ

(41) പ്രക്ഷോഭണമോ, രാഷ്ട്രീയത്തിന്റെയോ ജാതിയുടെയോ മതത്തിന്റെയോ അടിസ്ഥാനത്തിൽ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു നിരോധിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ; അല്ലെങ്കിൽ

(42) ഏതെങ്കിലും പ്രിസൺ കുറ്റം ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ, ചെയ്യുന്നതിന് ഗൂഢാലോചന നടത്തുകയോ ;

ചെയ്യുന്നത്.

*വിശദീകരണം:*—പ്രിസണിനകത്തോ, ജോലിക്കായി പുറത്തേക്ക് കൊണ്ടുപോകുമ്പോഴോ ജോലിക്ക് ശേഷം തിരികെ കൊണ്ടുവരുമ്പോഴോ, ജോലിയിലേർപ്പെട്ടിരിക്കുമ്പോഴോ ഒരുകൂട്ടം തടവുകാർ ചെയ്യുന്ന പ്രിസൺ കുറ്റങ്ങൾ, കൂട്ടായും വെവ്വേറെയും ചെയ്ത കുറ്റങ്ങളായി കണക്കാക്കുന്നതാണ്.

82. പ്രിസൺ കുറ്റങ്ങൾക്കുള്ള ശിക്ഷ.—(1) സൂപ്രണ്ട്, സ്വമേധയായോ അതിനു വേണ്ടി അദ്ദേഹം പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ മുഖേനയോ, 81-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും പ്രിസൺ കുറ്റം ചെയ്തതായുള്ള ആരോപണങ്ങൾ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുകയും ഇനിപ്പറയുന്ന ഏതെങ്കിലും ശിക്ഷകൾ ചുമത്താവുന്നതുമാണ്, അതായത്:—

(എ) സൂപ്രണ്ട് തടവുകാരനെ വ്യക്തിപരമായി അഭിസംബോധന ചെയ്തുകൊണ്ടും ശിക്ഷാബുക്കിൽ രേഖപ്പെടുത്തിക്കൊണ്ടും, മുറപ്രകാരമുള്ള ഒരു താക്കീതും ;

(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് കൂടുതൽ അസഹ്യമായതോ കഠിനമോ ആയ രീതിയിലുള്ള തൊഴിൽ മാറ്റം ;

(സി) കഠിനതടവ് വിധിക്കപ്പെട്ടിട്ടില്ലാത്ത, ശിക്ഷിക്കപ്പെട്ട ക്രിമിനൽ തടവുകാരുടെ സംഗതിയിൽ, ഏഴുദിവസത്തിൽ കവിയാതെയുള്ള കഠിനജോലി ;

(ഡി) മുപ്പതു ദിവസക്കാലയളവ് വരെയുള്ള ഇളവ് ചെയ്യൽ ഏതെങ്കിലും ഒരു സമയം നഷ്ടപ്പെടുത്തുകയോ അല്ലെങ്കിൽ ഡയറക്ടർ ജനറലിന്റെ അനുമതിയോടെ ഇളവ് ചെയ്യൽ സമ്പ്രദായത്തിൽനിന്നും ആറുമാസം വരെയുള്ള കാലയളവിലേക്ക് തടവുകാരനെ മാറ്റി നിർത്തുകയും ചെയ്യുക.

എന്നാൽ സർക്കാർ നൽകിയിട്ടുള്ള ഇളവ് ചെയ്യൽ ഒഴികെയുള്ള എല്ലാ ആർജ്ജിത ഇളവ് ചെയ്യലുകളും നഷ്ടപ്പെടുത്തുന്നതിനും അല്ലെങ്കിൽ ഒരു തടവുകാരനെ അയാളുടെ മുഴുവൻ തടവുകാലവും ഇളവ് ചെയ്യൽ സമ്പ്രദായത്തിൽനിന്നും മാറ്റി നിർത്തുന്നതിനും ഡയറക്ടർ ജനറലിന് അധികാരമുണ്ടായിരിക്കുന്നതാണ് ;

(ഇ) ഒരു മാസം വരെയുള്ള കാലയളവിലേക്ക് വിനോദോപാധികളോ മൂന്ന് മാസക്കാലത്തേക്ക് കാന്റീൻ സൗകര്യമോ നിറുത്തി വയ്ക്കുകയും അല്ലെങ്കിൽ ഒരു മാസക്കാലത്തേക്ക് കൂടിക്കാഴ്ച നിറുത്തിവയ്ക്കുകയും ചെയ്യുക ;

(എഫ്) പരോളിൽ വിടുന്ന ഉപാധികൾ ലംഘിക്കുകയോ ഉല്ലംഘിക്കുകയോ ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള കാലം ശിക്ഷാകാലയളവായി കണക്കുകൂട്ടാൻ പാടുള്ളതല്ല ;

(ജി) മൂന്നുമാസക്കാലംവരേയും, ഡയറക്ടർ ജനറലിന്റെ അനുമതിയോടെ, ആറുമാസക്കാലംവരെയും തനിച്ചു പാർപ്പിക്കലും ;

(എച്ച്) ഒരു സമയത്ത് ഒരു മാസക്കാലംവരെയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി ഡയറക്ടർ ജനറലിന്റെ അനുമതിയോടെ മൂന്നു മാസക്കാലംവരെയും, വേർതിരിച്ചുള്ള തടവും ;

*വിശദീകരണം:*—വേർതിരിച്ചുള്ള തടവ് എന്നാൽ മറ്റുള്ള തടവുകാരുടെ കാഴ്ചയിൽ നിന്നും മറയ്ക്കാതെ ഒരു തടവുകാരനെ ആശയവിനിമയം ചെയ്യുന്നതിൽ നിന്നും ഒഴിച്ചുനിറുത്തികൊണ്ട് ജോലിയോടുകൂടിയോ അല്ലാതെയോ ഉള്ള തടവും അയാൾക്ക് ദിനംപ്രതി ഒരു മണിക്കൂറിൽ കുറയാതെയുള്ള വ്യായാമം അനുവദിക്കുന്നതുമായ അങ്ങനെയുള്ള തടവ് എന്നർത്ഥമാകുന്നു.

(ഐ) പതിനാല് ദിവസത്തിൽ കവിയാതെയുള്ള ഏതൊരു കാലത്തേയ്ക്കുമുള്ള സെല്ലുലാർ തടവ് :

എന്നാൽ സെല്ലുലാർ തടവിന്റെ ഓരോ കാലയളവിനും ശേഷം, അങ്ങനെയുള്ള കാലദൈർഘ്യത്തിൽ കുറയാതെയുള്ള ഒരു ഇടവേള തടവുകാരനെ വീണ്ടും സെല്ലുലാർ തടവിന് ശിക്ഷിക്കപ്പെടുന്നതിന് മുമ്പ് കഴിഞ്ഞിരിക്കണം.

*വിശദീകരണം:*—സെല്ലുലാർ തടവ് എന്നാൽ മറ്റുള്ള തടവുകാരുടെ കാഴ്ചയിൽ നിന്നും മറയ്ക്കാതെ ഒരു തടവുകാരനെ ആശയവിനിമയം ചെയ്യുന്നതിൽ നിന്നും ഒഴിച്ചു നിർത്തികൊണ്ട് ജോലിയോടുകൂടിയോ അല്ലാതെയോ ഉള്ള തടവ് എന്നർത്ഥമാകുന്നു.

(2) വിചാരണ നേരിടുന്ന ഒരു തടവുകാരന്റെ ഗുരുതരമായതോ തുടർച്ചയായതോ ഉള്ള പെരുമാറ്റദൂഷ്യത്തിന്റെ ഏതൊരു സംഭവവും സൂപ്രണ്ടിന് വിചാരണ കോടതിയെ അറിയിക്കാവുന്നതാണ്:

എന്നാൽ, ക്ഷമതയുള്ള കോടതിയുടെ ഒരു ഉത്തരവാലല്ലാതെ, ഈ അദ്ധ്യായത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷ ഒഴികെയുള്ള യാതൊരു ശിക്ഷയും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഒരു തടവുകാരനിലും ചുമത്തുവാൻ പാടുള്ളതല്ല.

എന്നിരുന്നാലും ഇനി പറയുന്നതിന് വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും കുറ്റങ്ങൾ കൂട്ടിച്ചേർത്ത് ഏതെങ്കിലും രണ്ട് ശിക്ഷകൾ നല്കാവുന്നതാണ്:

(i) ഇളവ് ചെയ്യൽ നഷ്ടപ്പെടുത്തുന്നതൊഴികെ, മുറപ്രകാരമുള്ള താക്കീത് ഏതെങ്കിലും മറ്റ് ശിക്ഷയോട് കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല.

(ii) തടവുകാരനിൽ ചുമത്തേണ്ടതായ അകറ്റിനിർത്തുന്നതിനുള്ള ആകെ കാലാവധി ദീർഘിപ്പിക്കുന്നതിനായി സെല്ലുലാർ തടവിനെ വേർതിരിച്ചുള്ള തടവുമായി കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല.

(iii) ആക്റ്റിനോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമായി യാതൊരു ശിക്ഷയും മറ്റേതൊരു ശിക്ഷയുമായി കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല.

(3) എന്നിരുന്നാലും, മുകളിൽ (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും ശിക്ഷകൾ തടവുകാരൻ അനുഭവിക്കുമ്പോൾ, ഇനിപ്പറയുന്ന അവകാശങ്ങൾ അയാൾക്ക് നൽകാവുന്നതാണ്, അതായത്:—

(എ) അയാളെ കത്തുകളെഴുതുവാൻ അനുവദിക്കുക ;

(ബി) പ്രിസണിലെ ചട്ടങ്ങളനുവദിക്കുന്നിടത്തോളം മതപരവും സാന്മാർഗ്ഗികവുമായ പുസ്തകങ്ങൾ അയാൾക്ക് നൽകാവുന്നതാണ്.

83. ശിക്ഷ നൽകുന്നതിന് അന്വേഷണങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമം.— (1) യാതൊരു തടവുകാരനും, അയാൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റകൃത്യത്തെക്കുറിച്ച് അയാളെ അറിയിക്കാത്തപക്ഷവും അയാളുടെ എതിർവാദത്തിന് ന്യായമായ ഒരവസരം നൽകാതെയും 81-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾക്ക് യാതൊരു ശിക്ഷയും നൽകുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സൂപ്രണ്ടോ ഇതിലേയ്ക്കായി അദ്ദേഹം പ്രാധികാരം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനോ അന്വേഷണം നടത്തുന്നതിനും ചാർജ്ജുകൾ തയ്യാറാക്കുന്നതിനും, അന്വേഷണം നിലവിലുള്ള തടവുകാരെ വേർതിരിച്ചു പാർപ്പിക്കുന്നതിനും പരിക്കുകളുണ്ടാകുന്ന സംഗതിയിൽ വൈദ്യപരിശോധനയ്ക്കും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

(3) ഒരു തടവുകാരന്റെ ഒരു പ്രവൃത്തി ഈ ആക്റ്റോ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ ഏതെങ്കിലും തദ്ദേശമോ പ്രത്യേക നിയമ പ്രകാരമോ ശിക്ഷാർഹമായ ഒരു കുറ്റമാണെങ്കിൽ, സൂപ്രണ്ട്, അദ്ദേഹത്തിന്റെ വിവേചനം അനുസരിച്ച് സ്വയം കേസ് കൈകാര്യം ചെയ്യുകയോ അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് അയയ്ക്കുകയോ ചെയ്യേണ്ടതാണ്.

എന്നാൽ ചെയ്ത കുറ്റം മൂന്നുവർഷമോ അതിലധികമോ കാലത്തേക്ക് തടവിന് ശിക്ഷാർഹമായ കൊഗ്നൈസബിൾ ആയ കുറ്റമാണെങ്കിൽ ആ പ്രദേശത്ത് അധികാരിതയുള്ള സ്റ്റേഷൻ ഹൗസ് ആഫീസർക്ക് മുമ്പാകെ കുറ്റക്കാരനെതിരെ അദ്ദേഹം നടപടി ആരംഭിക്കേണ്ടതാണ്.

84. നീചമായ കുറ്റം ചെയ്യുന്നതിന്മേലുള്ള നടപടിക്രമം.—ഏതെങ്കിലും തടവുകാരൻ ജയിൽ അച്ചടക്കത്തിനെതിരെയുള്ള ഏതെങ്കിലും കുറ്റത്തിന് അപരാധി ആവുകയാണെങ്കിൽ, അയാൾ അത്തരം കുറ്റങ്ങൾ നിരന്തരം ചെയ്യുന്നു എന്ന കാരണത്താലോ മറ്റുവിധത്തിലോ ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന്, നൽകാൻ അധികാരമുള്ള ഏതെങ്കിലും ശിക്ഷ നൽകി മതിയായി ശിക്ഷിക്കാൻ കഴിയില്ലെന്ന് സൂപ്രണ്ടിന് അഭിപ്രായമുണ്ടെങ്കിൽ സൂപ്രണ്ട് അത്തരം തടവുകാരനെതിരെ, സാഹചര്യങ്ങൾ വിവരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന സഹിതം ഒരു റിപ്പോർട്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ അധികാരിതയുള്ള ഏതെങ്കിലും ജുഡീഷ്യൽ മജിസ്ട്രേറ്റിനോ അയയ്ക്കാവുന്നതും, ആ മജിസ്ട്രേറ്റ് അതിന്മേൽ അന്വേഷണം നടത്തേണ്ടതും തടവുകാരനെതിരെ കൊണ്ടുവന്ന ചാർജ്ജ് വിചാരണയ്ക്കെടുക്കേണ്ടതും കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷം വരെ ആകാവുന്ന തടവ് നൽകി അയാളെ ശിക്ഷിക്കാവുന്നതും അത്തരം കാലയളവ് ആ തടവുകാരൻ അപ്രകാരം കുറ്റം ചെയ്ത സമയത്ത് അനുഭവിക്കുകയായിരുന്ന ഏതെങ്കിലും കാലയളവിലേക്കുള്ള തടവിന് പുറമെ ആയിരിക്കുന്നതാണ്.

85. ശിക്ഷാപുസ്തകത്തിലെ ഉൾക്കുറിപ്പുകൾ.—(1) 21-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷാ പുസ്തകത്തിൽ, ചുമത്തുന്ന ഓരോ ശിക്ഷയെയും സംബന്ധിച്ച് തടവുകാരന്റെ പേരും, രജിസ്റ്റർ നമ്പരും അയാൾ ഉൾപ്പെടുന്ന വിഭാഗവും, അതായത്, പതിവ് കുറ്റക്കാരനാണോ അല്ലയോ എന്നും, ഏത് പ്രിസൺ കുറ്റത്തിനാണ് അയാൾ അപരാധിയായത് എന്നും, അത്തരം പ്രിസൺകുറ്റം ചെയ്ത തീയതിയും, തടവുകാരനെതിരെ രേഖപ്പെടുത്തിയിട്ടുള്ള മുൻപ് ചെയ്ത പ്രിസൺ കുറ്റങ്ങളുടെ എണ്ണവും അയാൾ അവസാനം പ്രിസൺകുറ്റം ചെയ്ത തീയതിയും, നൽകിയ ശിക്ഷയും, ശിക്ഷ ചുമത്തിയ തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

(2) ഗുരുതരമായ ഓരോ പ്രിസൺ കുറ്റത്തിന്റെയും സംഗതിയിൽ, സാക്ഷികളുടെ പേരുകളും അവരുടെ തെളിവിന്റെ സാരാംശവും തടവുകാരന്റെ പ്രതിവാദവും കണ്ടെത്തലുകളും, അതിനുള്ള കാരണങ്ങളോടെ, രേഖപ്പെടുത്തേണ്ടതാണ്.

(3) ഓരോ ശിക്ഷയുമായി ബന്ധപ്പെട്ട ഉൾക്കുറിപ്പുകൾക്കെതിരെ, സൂപ്രണ്ടോ പ്രാധികാരം ചെയ്ത ഉദ്യോഗസ്ഥനോ ഉൾക്കുറിപ്പുകളുടെ കൃത്യതയ്ക്ക് തെളിവായി അവരുടെ കയ്യൊപ്പ് വയ്ക്കേണ്ടതാണ്.

86. ചില സംഗതികളിലെ ശിക്ഷ.—(1) ആരെങ്കിലും, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും നിരോധിക്കപ്പെട്ട വസ്തു ഏതെങ്കിലും തരത്തിൽ ഏതെങ്കിലും പ്രിസണിലേക്കോ പ്രിസണിൽ നിന്നോ കൊണ്ടുവരുകയോ നീക്കം ചെയ്യുകയോ, കൊണ്ടുവരുന്നതിനോ നീക്കം ചെയ്യുന്നതിനോ ശ്രമിക്കുകയോ അല്ലെങ്കിൽ പ്രിസണിന്റെ അതിർത്തിക്ക് പുറത്ത് ഏതെങ്കിലും തടവുകാരന് വിതരണം ചെയ്യുകയോ വിതരണം ചെയ്യാൻ ശ്രമിക്കുകയോ, ഒരു പ്രിസണിലെ ഏതെങ്കിലും

ഉദ്യോഗസ്ഥനോ ജീവനക്കാരിലെ അംഗമോ ഏതെങ്കിലും ചട്ടത്തിന് വിരുദ്ധമായി, അത്തരത്തിലുള്ള ഏതെങ്കിലും വസ്തു പ്രിസണിലേക്കോ പ്രിസണിൽ നിന്നോ കൊണ്ടുവരുന്നതിനോ, നീക്കം ചെയ്യുന്നതിനോ ഏതെങ്കിലും തടവുകാരൻ കൈവശം വയ്ക്കുന്നതിനോ ഒരു പ്രിസണിന്റെ അതിർത്തിക്ക് പുറത്ത് ഏതെങ്കിലും തടവുകാരന് വിതരണം ചെയ്യുന്നതിനോ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ, ആരെങ്കിലും, ഏതെങ്കിലും ചട്ടത്തിന് എതിരായി, ഏതെങ്കിലും തടവുകാരനുമായി ആശയവിനിമയം നടത്തുകയും അല്ലെങ്കിൽ ആശയ വിനിമയം നടത്താൻ ശ്രമിക്കുകയും, ഈ വകുപ്പുപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ചെയ്യുന്നതിന് ആരെങ്കിലും പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ഒരു മജിസ്ട്രേറ്റിന് മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിനുമേൽ, പന്ത്രണ്ട് മാസത്തിൽ കവിയാത്ത ഒരു കാലത്തേക്കുള്ള തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാൻ അർഹനായിരിക്കുന്നതാണ്.

(2) ഒരു തടവുകാരനോ ഒരു സന്ദർശകനോ അല്ലെങ്കിൽ ഒരു പ്രിസൺ ഉദ്യോഗസ്ഥനോ ആയ ആരെങ്കിലും ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് എതിരായി ഒരു ഇലക്ട്രോണിക് ആശയ വിനിമയ ഉപകരണമോ മറ്റു ഉപകരണമോ പ്രിസണിനകത്ത് കൈവശം വയ്ക്കുന്നതായോ അല്ലെങ്കിൽ ഇലക്ട്രോണിക്ക് ആയതോ അല്ലാത്തതോ ആയ ഏതെങ്കിലും ഉപകരണത്തിൽ പ്രിസണിനകത്ത് കൃത്രിമ പണി ചെയ്യുന്നതായോ കേടുവരുത്തുന്നതായോ നശിപ്പിക്കുന്നതായോ കണ്ടെത്തിയാൽ, മജിസ്ട്രേറ്റിനു മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ രണ്ട് വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാൻ അർഹനായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പ്രസ്താവിച്ചിട്ടുള്ള കുറ്റങ്ങൾ കൊഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതുമാണ്.

87. 86-ാം വകുപ്പു പ്രകാരമുള്ളകുറ്റത്തിന് അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം.—ഏതെങ്കിലും ആൾ, 86-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം ചെയ്താൽ പ്രിസണിലെ ഏത് ഉദ്യോഗസ്ഥനും അയാളെ അറസ്റ്റ് ചെയ്യാവുന്നതും താമസംവിനാ ആ പ്രദേശത്ത് അധികാരിതയുള്ള സ്റ്റേഷൻ ഹൗസ് ആഫീസർക്ക്, ഒരു റിപ്പോർട്ട് സഹിതം, കൈമാറേണ്ടതും അതിന്മേൽ ആ പോലീസ് ആഫീസർ, തന്റെ സാന്നിദ്ധ്യത്തിൽ കുറ്റം ചെയ്യപ്പെട്ടതുപോലെ നടപടി തുടരേണ്ടതുമാണ്:

എന്നാൽ കുറ്റം ചെയ്യുന്ന ആൾ ഒരു തടവുകാരനോ ഒരു പ്രിസൺ ഉദ്യോഗസ്ഥനോ ആണെങ്കിൽ സ്റ്റേഷൻ ഹൗസ് ആഫീസറുടെ മുമ്പാകെ ഒരു റിപ്പോർട്ടു മാത്രം സമർപ്പിച്ചാൽ മതിയാകുന്നതാണ്.

88. ശിക്ഷകൾ പ്രസിദ്ധപ്പെടുത്തൽ.—81-ാം വകുപ്പു പ്രകാരം നിരോധിക്കപ്പെട്ട കൃത്യങ്ങളും അവയ്ക്ക് ചുമത്താവുന്ന ശിക്ഷകളും, പ്രദർശിപ്പിച്ചുകൊണ്ട്, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഒരു നോട്ടീസ് പ്രിസണിനു പുറത്ത് വ്യക്തമായി കാണത്തക്ക ഒരു സ്ഥലത്ത് ഒട്ടിച്ചിരിക്കാൻ സൂപ്രണ്ട് ഇടയാക്കേണ്ടതാണ്.

## അദ്ധ്യായം XX

### പലവക

89. സമരത്തിനും പ്രക്ഷോഭത്തിനും ഉള്ള നിരോധനം.— ഏതെങ്കിലും അഭ്യർത്ഥനയോ ആവശ്യമോ നേടിയെടുക്കുന്നതിനു വേണ്ടി പ്രിസണിനകത്ത് ഏതെങ്കിലും സമരം നടത്തുന്നതിനോ ഏതെങ്കിലും പ്രക്ഷോഭം ആരംഭിക്കുന്നതിനോ തുടരുന്നതിനോ പ്രിസണിൽ ജോലി ചെയ്യുന്ന ഒരാളിനും അവകാശമുണ്ടായിരിക്കുന്നതല്ല.

90. തടവുകാരുടെ പരിധിക്ക് പുറത്തുള്ള കസ്റ്റഡിയും, നിയന്ത്രണവും, തൊഴിലും.— ഒരു തടവുകാരനെ, നിയമാനുസൃണം തടങ്കലിൽ വയ്ക്കാവുന്ന പ്രിസണിലേക്കോ പ്രിസണിൽ നിന്നുമോ കൊണ്ടുപോകുമ്പോഴോ പ്രിസണിന് പുറത്ത് ജോലി ചെയ്യുമ്പോഴോ അല്ലെങ്കിൽ മറ്റു വിധത്തിൽ നിയമപരമോ നിയമപ്രകാരമോ ഉള്ള അങ്ങനെയുള്ള ഏതെങ്കിലും പ്രിസണിന്റെയോ അങ്ങനെയുള്ള പ്രിസൺ ആഫീസറുടെ നിയന്ത്രണത്തിന്റെയോ പരിധിക്ക് പുറത്ത് പ്രവൃത്തി ചെയ്യുമ്പോഴെല്ലാം അയാൾ അങ്ങനെയുള്ള പ്രിസണിലാണെന്നു കരുതപ്പെടേണ്ടതും അയാൾ യഥാർത്ഥത്തിൽ പ്രസ്തുത പ്രിസണിലായിരുന്നുവെന്നപോലെ പ്രിസണിലെ എല്ലാ ചട്ടങ്ങൾക്കും അച്ചടക്കത്തിനും വിധേയമാക്കേണ്ടതുമാണ്.

91. റിമാൻഡ് ചെയ്ത തടവുകാരുടെയും വിചാരണ തടവുകാരുടെ കേസ്സുകളുടെയും പുനഃപരിശോധന.—(1) പ്രിസണിൽ ഒരു വർഷത്തിൽ അധികമായി തടവിൽ വച്ചിരിക്കുന്ന വിചാരണത്തടവുകാരുടെ കേസ്സുകളും നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി ശിക്ഷയുടെ പകുതിയിലധികം കാലം തടവിൽ കഴിഞ്ഞവരുടേതുമായ കേസ്സുകൾ ഓരോ ജില്ലയിലും ഇനിപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സമിതിയെക്കൊണ്ട് പുനഃപരിശോധന നടത്താൻ സർക്കാർ ഇടയാക്കേണ്ടതാണ്, അതായത്:—

(എ) ജില്ലയുടെ അധികാരിതയുള്ള ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജി അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ;

(സി) ബന്ധപ്പെട്ട പ്രിസണിന്റെയോ ജയിലിന്റെയോ സൂപ്രണ്ട് അദ്ദേഹം സമിതിയുടെ കൺവീനറും സെക്രട്ടറിയും ആയിരിക്കേണ്ടതാണ് ;

(ഡി) അതതുസംഗതിപോലെ, ജില്ലാ സൂപ്രണ്ടോ/പോലീസ് കമ്മീഷണറോ ;

(ഇ) അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ;

(എഫ്) അധികാരിതയുള്ള ജില്ലാ പ്രൊബേഷൻ ആഫീസർ ;

(ജി) ബന്ധപ്പെട്ട എക്സൈസ്/വനം വകുപ്പുകളുടെ പ്രതിനിധി.

(2) സമിതി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമയങ്ങളിലും സ്ഥലങ്ങളിലും സമ്മേളിക്കേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(3) സമിതിയുടെ നടപടികളോടൊപ്പം, ശുപാർശ സഹിതമുള്ള ഒരു റിപ്പോർട്ട് ഏതെങ്കിലുമുണ്ടെങ്കിൽ ഡയറക്ടർ ജനറലിന് അയയ്ക്കേണ്ടതും ആവശ്യമാണെന്ന് കരുതാവുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം ആരംഭിക്കേണ്ടതുമാണ്.

(4) ഒരു വിചാരണ തടവുകാരനെ, അയാളെ തടങ്കലിൽ പാർപ്പിച്ചിരിക്കുന്ന കുറ്റകൃത്യത്തിന് നൽകുന്ന ശിക്ഷയുടെ പരമാവധി കാലയളവ് കവിയുന്ന കാലത്തേക്ക് അയാളെ പ്രിസണിൽ പാർപ്പിച്ചിട്ടില്ലെന്ന്, വിചാരണ തടവുകാരനെ, റിമാൻഡ് ചെയ്യുന്ന മജിസ്ട്രേറ്റും തടങ്കലിലോ റിമാൻഡിലോ പാർപ്പിക്കുന്ന പ്രിസണിലെ സൂപ്രണ്ടും, അതതുസംഗതിപോലെ, ഉറപ്പാക്കേണ്ടതാണ്.

(5) അങ്ങനെയുള്ള തടങ്കലിന് ബന്ധപ്പെട്ട മജിസ്ട്രേറ്റിനോ സൂപ്രണ്ടിനോ യാതൊരു ഗൂഢോദ്ദേശ്യവുമില്ലെങ്കിൽ, യാതൊരു തടവുകാരനെയും അയാളെ തടങ്കലിൽ വച്ചിരിക്കുന്ന കുറ്റത്തിന് നൽകാവുന്ന ശിക്ഷയുടെ പരമാവധിയുടെ പകുതിയിലധികമോ പരമാവധിയോ കാലം തടങ്കലിൽ വെച്ചതിന് യാതൊരു മജിസ്ട്രേറ്റിനോ പ്രിസൺ സൂപ്രണ്ടിനോ എതിരെ ഒരു കോടതിയും നിയമ നടപടികൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.

92. ഏറ്റവും കുറഞ്ഞ ബലം പ്രയോഗിക്കൽ.—(1) പ്രിസണിനകത്തെ ലഹളയുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവം നിയന്ത്രിക്കുന്നതിനായി പ്രിസണിലെ ഏതൊരു ഉദ്യോഗസ്ഥനും, ആവശ്യമായത്ര ഏറ്റവും കുറഞ്ഞ ബലം പ്രയോഗിക്കാവുന്നതും തടവുകാരനോ തടവുകാർക്കോ മറ്റാളുകൾക്കോ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനാവശ്യമായേക്കാവുന്ന ചെറിയ പരിക്കുകൾ മാത്രം ഏല്പിക്കാവുന്നതുമാണ്.

(2) രക്ഷപ്പെടുകയോ, രക്ഷപ്പെടാൻ ശ്രമിക്കുകയോ പ്രിസണിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ മറ്റേതെങ്കിലും ആളിനോ എതിരെ അക്രമണം നടത്തുകയോ ചെയ്യുന്ന ഏതൊരു തടവുകാരനുമെതിരെ പ്രിസണിലെ ഏതു ഉദ്യോഗസ്ഥനും ഏറ്റവും കുറഞ്ഞ ബലം പ്രയോഗിക്കാവുന്നതാണ്.

(3) സെല്ലിലോ ബാരക്കിലോ ലോക്കപ്പ് ചെയ്യുന്നതിനുവേണ്ടി പ്രവേശിക്കാൻ വിസമ്മതിക്കുന്ന ഏതൊരു തടവുകാരനുമെതിരെ ആവശ്യമായ ഏറ്റവും കുറഞ്ഞ ബലം പ്രിസണിലെ ഏതൊരു ഉദ്യോഗസ്ഥനും പ്രയോഗിക്കാവുന്നതാണ്.

93. നിയമസഹായം.—സംസ്ഥാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തടവുകാർക്ക് സൗജന്യ നിയമ സഹായം നൽകേണ്ടതാണ്.

94. സുരക്ഷാ കസ്റ്റഡി.—സുരക്ഷാ കസ്റ്റഡിയിൽ സൂക്ഷിക്കാൻ അർഹതയുള്ള യാതൊരാളെയും പ്രിസണിൽ പാർപ്പിക്കുവാൻ പാടുള്ളതല്ല.

95. കണക്കുകളും ആഡിറ്റും.— ഓരോ പ്രിസണിലെയും കണക്കുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സൂക്ഷിച്ചു പോരേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

96. അധികാരങ്ങളുടെ ഏല്പിച്ചുകൊടുക്കൽ.—ഈ ആക്റ്റിനാൽ സർക്കാരിന് നൽകപ്പെട്ട അധികാരങ്ങൾ സർക്കാർ, ഇതിലേയ്ക്കായി ഏല്പിച്ചു കൊടുക്കുന്ന ഉദ്യോഗസ്ഥർ വിനിയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.

97. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിനോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ പുറപ്പെടുവിച്ച ഉത്തരവുകൾക്കോ നിർദ്ദേശങ്ങൾക്കോ അനുസൃതമായി, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനെതിരെയോ പ്രിസണുകളിലെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളുടെയും ചുമതല വഹിക്കുന്നആർക്കെങ്കിലും എതിരായോ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

98. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവു മൂലം വൈഷമ്യം നീക്കം ചെയ്യുന്നതിനായി ആവശ്യമെന്ന് അതിന് തോന്നാവുന്നതും യുക്തമായതുമായ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള നടപടി സ്വീകരിക്കാവുന്നതോ ആണ് :

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ രണ്ടു വർഷക്കാലയളവ് കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല :

എന്നിരുന്നാലും (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന് ഈ ആക്റ്റ് നിലവിൽ വരുന്ന തീയതിക്കു മുമ്പുള്ള യാതൊരു തീയതിയിലും പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഒരു ഉത്തരവ്, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗത്തിൽ കേരള സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

99. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനുള്ള അധികാരങ്ങൾ.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ഈ ആക്റ്റിന് പൊരുത്തപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകമായും, മേല്പറഞ്ഞ അധികാരത്തിന്റെ പൊതുസ്വഭാവത്തിന് ഭംഗം വരാത്ത വിധത്തിലും അത്തരം ചട്ടങ്ങൽ ഇനിപറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(1) 2-ാം വകുപ്പ് (XX)-ാം ഖണ്ഡപ്രകാരം ഹിസ്റ്ററി ടിക്കററിന്റെ ആവശ്യകതകൾക്കും, അതേ വകുപ്പിലെ (xxxi)-ാം ഖണ്ഡപ്രകാരം പരോളിന്റെ കാലാവധിയ്ക്കും പരോൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്കും ഉപാധികൾക്കും ;

(2) 3-ാം വകുപ്പ്, (3)-ാം ഉപവകുപ്പുപ്രകാരം പ്രിസണുകളിലെയും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അധികാരങ്ങൾക്കും ചുമതലകൾക്കും ;

(3) 5-ാം വകുപ്പുപ്രകാരം മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ അധികാരങ്ങൾക്കും ചുമതലകൾക്കും ;

(4) 6-ാം വകുപ്പുപ്രകാരം പ്രിസണിന്റെ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും അവരുടെ അധികാരങ്ങൾക്കും ചുമതലകൾക്കും ;

(5) 7-ാം വകുപ്പുപ്രകാരം തടവുകാർക്ക് താമസസൗകര്യം അനുവദിക്കുന്നതിനുള്ള ഉപാധികൾക്കും ;

(6) 8-ാം വകുപ്പ്, (3)-ാം ഉപവകുപ്പുപ്രകാരം വിവിധ വിഭാഗങ്ങളിലുള്ള പ്രിസണുകളുടെ സുരക്ഷാ നിലവാരത്തിനും ;

(7) 12-ാം വകുപ്പുപ്രകാരം നൽകപ്പെടുന്ന സൗകര്യങ്ങൾക്കും, സുഖസൗകര്യങ്ങൾക്കും ;

(8) 13-ാം വകുപ്പുപ്രകാരം ഏതെല്ലാം നിബന്ധനകൾക്കു വിധേയമായിട്ടാണ് ഉദ്യോഗസ്ഥൻ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടത്, അവയ്ക്കും ;

(9) 18-ാം വകുപ്പുപ്രകാരം പ്രിസണിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അധികാരങ്ങൾക്കും ചുമതലകൾക്കും ;

(10) 21-ാം വകുപ്പുപ്രകാരം സൂപ്രണ്ട് സൂക്ഷിക്കേണ്ട രേഖകൾക്കും ;

(11) 23-ാം വകുപ്പുപ്രകാരം മെഡിക്കൽ ആഫീസറുടെ കർത്തവ്യങ്ങൾക്കും ;

(12) 28-ാം വകുപ്പുപ്രകാരം പ്രിസണുകളിൽ അച്ചടക്കം പ്രാവർത്തികമാക്കുന്നതിനുള്ള രീതികൾക്കും ;

(13) 33-ാം വകുപ്പുപ്രകാരം സ്വകാര്യ മാർഗ്ഗങ്ങളിലൂടെ സിവിൽ തടവുകാർക്ക് വസ്ത്രം, ഭക്ഷണം മറ്റു ആവശ്യകതകൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിന് അനുവദിക്കേണ്ടതിനും, ഭക്ഷണം, വസ്ത്രം മുതലായവ അയാൾക്ക് വിതരണം ചെയ്യേണ്ടതിനും ;

(14) 34-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം ഡെറ്റിന്യൂകൾക്കും വിചാരണ തടവുകാർക്കും ആവശ്യമായ വസ്ത്രവും മറ്റ് ആവശ്യകതകളും അവർക്ക് കൂടെ കൊണ്ടു വരുന്നതിന് അനുവാദം നൽകുന്നതിനും അല്ലെങ്കിൽ സ്വകാര്യ സ്രോതസ്സുകളിലൂടെ ലഭ്യമാക്കുന്നതിനും പ്രസ്തുത വകുപ്പിലെ (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം ഡെറ്റിന്യൂകൾക്കും വിചാരണ തടവുകാർക്കും വസ്ത്രങ്ങളും മറ്റു ആവശ്യകതകൾ വിതരണം നടത്തേണ്ടതിനും ;

(15) 35-ാം വകുപ്പ് പ്രകാരം ഓരോ ക്രിമിനൽ തടവുകാരനും ഭക്ഷണവും വസ്ത്രവും കിടക്കവിരിയും മറ്റ് ആവശ്യകതകളും ലഭ്യമാക്കുന്നതിനും ;

(16) 36-ാം വകുപ്പുപ്രകാരം ഏതൊക്കെ ഉപാധികൾക്കാണ് തടവുകാരുടെ അവകാശങ്ങൾ വിധേയമാക്കിയിട്ടുള്ളത്, പ്രസ്തുത വകുപ്പിലെ (സി) ഇനപ്രകാരം തട വുകാർക്ക് ആശയവിനിമയം നടത്തുന്നതിനുള്ള അവകാശവും പ്രസ്തുത വകുപ്പിലെ (ജെ) ഇനപ്രകാരം നിർണ്ണയിക്കപ്പെടേണ്ട കാലാവധിയും വേതന നിരക്കിനും ;

(17) 37-ാം വകുപ്പുപ്രകാരം തടവുകാരുടെ അധിക ചുമതലകൾക്കും ;

(18) 47-ാം വകുപ്പുപ്രകാരം ഓരോ തടവുകാരനും ബന്ധുക്കളുമായും അഭി ഭാഷകരുമായും കൂടിക്കാഴ്ചയ്ക്കും ആശയ വിനിമയത്തിനും കത്തുകൾ എഴുതുന്നതി നുള്ള രീതിയും ഇടവേളകൾക്കും ;

(19) 48-ാം വകുപ്പ്, (1)-ാം ഉപവകുപ്പു പ്രകാരം സന്ദർശകരുടെ, ശരീരത്തിൽ ഏതെങ്കിലും നിരോധിത വസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ, സൂപ്രണ്ട് ആരംഭിക്കേ ണ്ടതായ നടപടിയ്ക്കും പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരമുള്ള രേഖകൾക്കും ;

(20) 49-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം വിദേശ തടവുകാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും ഇന്ത്യയിലുള്ള അവരുടെ നയതന്ത്ര കാര്യാലയങ്ങളു മായി സമ്പർക്കം പുലർത്തുന്നതിനുമുള്ള രീതിയ്ക്കും ഉപാധികൾക്കും ;

(21) 50-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരം സന്ദർശകരുടെ അവകാശ ങ്ങൾക്കും കർത്തവ്യങ്ങൾക്കും ;

(22) 51-ാം വകുപ്പുപ്രകാരം തടവുകാർക്ക് നൽകേണ്ടതായ തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ഇനം സംബന്ധിച്ചും ;

(23) വെറും തടവിന് ശിക്ഷിക്കപ്പെട്ട എല്ലാ ക്രിമിനൽ തടവുകാർക്കും എല്ലാ റിമാന്റ്-വിചാരണ തടവുകാർക്കും യഥാക്രമം 52-ഉം 53-ഉം വകുപ്പുകൾ പ്രകാരം നൽകേ ണ്ടതായ ജോലിയുടെ ഇനം സംബന്ധിച്ചും ;

(24) 55-ാം വകുപ്പുപ്രകാരം പ്രിസൺ ചെലവിൽ സിവിൽ തടവുകാരൻ നേടിയ സമ്പാദ്യത്തിൽ നിന്നു വരുത്തേണ്ടതായ കിഴിവുകൾക്കും ;

(25) 56-ാം വകുപ്പുപ്രകാരം തടവുകാരുടെ വേതന നിരക്കിനും അവർ സമ്പാദിച്ച വേതനത്തിന്റെ വിനിയോഗത്തിന്റെ അളവിനും രീതിക്കും ;

(26) 57-ാം വകുപ്പുപ്രകാരം പ്രിസണുകളിലെ പൊതുവായ ശുചിത്വവും ശുചീകരണവും തടവുകാരുടെ വ്യക്തിശുചിത്വവും ഉറപ്പുവരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾക്കും ;

(27) 62-ാം വകുപ്പുപ്രകാരം അർഹതയുള്ള തടവുകാർക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന് മതിയായ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ട പ്രിസണുകളുടെ വിഭാഗങ്ങൾക്കും ;

(28) 67-ാം വകുപ്പ്, (2)-ാം ഉപവകുപ്പുപ്രകാരം പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള രീതിക്കും ;

(29) 68-ാം വകുപ്പുപ്രകാരം അന്തേവാസികളുടെ ഗുണത്തിനായി വിനോദ പരവും കായികവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന രീതിക്കും ;

(30) 72-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം ഇളവ് ചെയ്യൽ സമിതികൾ ഉണ്ടായിരിക്കേണ്ട പ്രിസണുകളുടെ വിഭാഗങ്ങളും അങ്ങനെയുള്ള സമിതിയിലെ ഉദ്യോഗ സ്ഥർക്കും പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ഇളവുചെയ്യുന്ന രീതി കൾക്കും ഇളവ് ചെയ്യൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കും ;

(31) 73-ാം വകുപ്പുപ്രകാരം ഏതെങ്കിലും തടവുകാരനെ പരോളിൽ വിട്ടയക്കുന്നതിനുള്ള ഉപാധികൾ സംബന്ധിച്ചും ;

(32) 77-ാം വകുപ്പുപ്രകാരം കാലാവധി തീരുംമുമ്പ് തടവുകാരുടെ മോചന ത്തിന് ശുപാർശ ചെയ്യേണ്ട അധികാര സ്ഥാനത്തിനും ;

(33) 78-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം തടവുകാർക്ക് അവധി അനുവദിക്കാവുന്നതിന്റെ രീതിക്കും ;

(34) 78-ാം വകുപ്പ്, (3)-ാം ഉപവകുപ്പുപ്രകാരമുള്ള വിവിധ അവധിയുടെ ഇനങ്ങൾക്കും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ;

(35) 79-ാം വകുപ്പുപ്രകാരം അകമ്പടി സന്ദർശനം അനുവദിക്കാവുന്ന സാഹചര്യങ്ങൾക്കും ;

(36) 80-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം പ്രിസണുകളുടെ വിഭാഗ ങ്ങൾക്കും പരാതി പരിഹാര സമിതികൾ രൂപികരിക്കേണ്ട രീതിക്കും പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം അത്തരം സമിതികൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾക്കും ;

(37) 81-ാം വകുപ്പ്, (40)-ാം ഉപവകുപ്പുപ്രകാരം അനധികൃതമോ നിയമവിരുദ്ധമോ, നിയമാനുസൃതമല്ലാത്തതോ ആയ പ്രവൃത്തികൾക്കും ;

(38) 82-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ചുമത്താവുന്ന തൊഴിൽ മാറ്റം ശിക്ഷയുടെ കാലയളവിനും ;

(39) 82-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം പ്രത്യേക തടവ് നിശ്ചയിക്കുന്നതിനുള്ള ഉപാധികൾക്കും ;

(40) 83-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണങ്ങൾ നടത്തുന്നത്, ചാർജ്ജുകൾ തയ്യാറാക്കുന്നത് മുതലായവയ്ക്ക് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾക്കും ;

(41) 91-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ യോഗ സമയ ത്തിനും സ്ഥലത്തിനും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് തുടരേണ്ട നടപടിക്രമ ങ്ങൾക്കും ;

(42) 93-ാം വകുപ്പുപ്രകാരം തടവുകാർക്ക് നൽകേണ്ടതായ സൗജന്യ നിയമ സഹായത്തിനും ;

(43) 95-ാം വകുപ്പുപ്രകാരം പ്രിസണിലെ കണക്കുകൾക്കും ആഡിറ്റുകൾക്കും ;

(44) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനും.

100. സംസ്ഥാന നിയമസഭ മുമ്പാകെ ചട്ടങ്ങൾ വയ്ക്കേണ്ടതാണെന്ന്.—ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിന്നാല് ദിവ സക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കു ന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തു കയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്താൽ, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രാബല്യമില്ലാ തിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും അപ്രകാരമുള്ള എന്തെങ്കിലും രൂപ ഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

101. ചട്ടങ്ങളുടെ പകർപ്പുകളുടെ പ്രദർശനം.—ചട്ടങ്ങളുടെ പകർപ്പുകൾ, അവ തടവുകാരുടെ നിയന്ത്രണത്തെ ബാധിക്കുന്നിടത്തോളം, ജയിലിനുള്ളിൽ എല്ലാ തടവു കാർക്കും പ്രവേശിക്കാൻ കഴിയുന്ന ഒരു സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.

102. റദ്ദാക്കലും ഒഴിവാക്കലും.— (1) ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്റ്റിലെ (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മലബാർ ജില്ലയിൽ 1894-ലെ പ്രിസൺസ് ആക്റ്റിന് (1894-ലെ IX-ാം കേന്ദ്ര ആക്റ്റ്) പ്രാബല്യമില്ലാതായി തീരുകയും 1950-ലെ തിരുവിതാംകൂർ-കൊച്ചി പ്രിസൺസ് ആക്റ്റ് (1950-ലെ XVIII) ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു.

(2) അങ്ങനെ നിർത്തലാക്കുകയോ റദ്ദാക്കുകയോ ചെയ്തിരുന്നാൽ തന്നെയും, കേരള സംസ്ഥാനത്തെ പ്രിസൺ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും, റെഗുലേഷനുകളും, ഉത്തരവുകളും, നിർദ്ദേശങ്ങളും, വിജ്ഞാപനങ്ങളും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകു കയോ വിരുദ്ധമാകുകയോ ചെയ്യാത്തിടത്തോളം, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ മാറ്റം വരുത്തുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതു വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.